സെപ്റ്റംബർ 2021

# ദിദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ






ഒരു പേരിൽ എന്തിരിക്കുന്നു എന്നു ചോദ്യം ഉയരുന്ന നാളാണിത്. സിനിമാലോകം വ്യത്യസ്ത അഭിപ്രായങ്ങളോടെ കടന്നുപോകുന്നു. ആരോപണങ്ങളും പ്രത്യാരോപണങ്ങളും അരങ്ങു വാഴുന്നു. അങ്ങനെയുള്ള ആരോപണങ്ങൾക്കു മുന്നിൽ നിന്നാണ് കുരിശിനെ നാം ധ്യാനിക്കുന്നത്. കുരിശിന്റെ മനോഹാരിത ക്രൂശിതന്റെ മനോഹാരിതയാണ്. നാണക്കേടിന്റെ, ശാപത്തിന്റെ അടയാളമായ കുരിശ് രക്ഷാകരമായി മാറിയത് ക്രിസ്തു അതിൽ കേറിയപ്പോഴാണ്. അതുവരെ അപമാനമായിരുന്ന കുരിശ് അന്നുമുതൽ അഭിമാനമായി. അന്നുവരെ നിന്ദനമായിരുന്നത് അന്നുമുതൽ വന്ദനമായിത്തീർന്നു. ക്രൂശിതന്റെ തണലാണ് കുരിശിന്റെ രക്ഷാകരശക്തി. എന്താണ് കുരിശ് എന്ന ചോദ്യത്തിന് പൗലോസ് അപ്പസ്തോലൻ നൽകുന്ന ഉത്തരം ഇതാണ്. "നാശത്തിലൂടെ ചരിക്കുന്നവർക്ക് കുരിശിന്റെ വചനം ഭോഷത്തമാണ്. രക്ഷയിലൂടെ ചരിക്കുന്ന നമുക്കോ അത് ദൈവത്തിന്റെ ശക്തിയത്രേ" (1 കൊറി 1 : 18). രക്ഷാകര ശക്തിയുള്ള കുരിശിനെ തിരിച്ചറിയാൻ വിശ്വാസിക്കേ കഴിയൂ എന്നർത്ഥം. അല്ലാത്തവർക്കൊക്കെ അതു വിൽപനചരക്കാണ്. യേശുനാമവും കുരിശും നെഞ്ചിലേറ്റുന്നവർക്ക് അതു ദൈവകൃപയുടെ അവസരങ്ങളാണ്. നെഞ്ചിലണിയുന്ന കുരിശും തൊട്ടുമുത്തുന്ന കുരിശുമൊക്കെ നെഞ്ചിലെ നെരിപ്പോടായി മാറേണ്ടതുണ്ട്. ചങ്കു പകുത്തു നൽകിയവന്റെ സാന്നിദ്ധ്യം കുരിശിലൂടെ ലഭിക്കട്ടെ. അവനെപ്പോലെ ചങ്കിലെ ചോര അപരനായി ചിന്താൻ കരുത്തുണ്ടാകട്ടെ. ആ കൃപയാണ് വിശ്വസിക്കാനാവശ്യം. കോലാഹലങ്ങൾക്കും ആഘോഷങ്ങൾക്കുമിടയിൽ ക്രൂശിതനും കുരിശും മങ്ങിപ്പോകാതിരിക്കട്ടെ. സഹനങ്ങളെ സ്നേഹപുഷ്പങ്ങളാക്കി മാറ്റിയ വ്യാകുലമാതാവും നമ്മോടു പറയുന്നതും മറ്റൊന്നല്ല. നെഞ്ചിലേറ്റ വാക്കുകളെല്ലാം ശാന്തമായി ഹൃദയത്തിൽ സംഗ്രഹിച്ച് ദൈവഹിതത്തിനായി വിട്ടുകൊടുത്ത വ്യാകുലമാതാവ്...സഹനങ്ങളെ കുരിശിൽ വിരിയുന്ന പനിനീർ പുഷ്പങ്ങളാക്കി മാറ്റിയവളാണ്. ഇനിയും കുരിശു പൂക്കേണ്ടതുണ്ട്. വിദ്വേഷത്തിന്റെ ഈ ലോകത്ത് സ്നേഹത്തിന്റെ പനിനീർ പുഷ്പങ്ങൾ... വിഭാഗീയതയുടെ ഈ കാലത്ത് കൂട്ടായ്മയുടെ പൂക്കൾ...സ്വാർത്ഥതയുടെ ലോകത്ത് നിസ്വാർത്ഥതയുടെ പൂക്കൾ...അസ്വസ്ഥതയുടെയും അനാരോഗ്യത്തിന്റെയും ഈ കെട്ടകാലത്ത് സമാധാനത്തിന്റെയും സാന്ത്വനത്തിന്റെയും വെള്ളപ്പൂക്കൾ... ഇതാ കുരിശു പൂക്കുന്ന കാലമാകട്ടെ!

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് മാളിയേക്കൽ**

ചീഫ് എഡിറ്റർ

സെപ്റ്റംബർ 2021

# ദിദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ

രക്ഷാധികാരി
റൈറ്റ് റവ. ഡോ. ജോസഫ് കാരിക്കശ്ശേരി

ചീഫ് എഡിറ്റർ
ഫാ. ജോസഫ് മാളിയേക്കൽ

മാനേജിംഗ് എഡിറ്റർ
ഫാ. ജോയ് സ്രാമ്പിക്കൽ

എഡിറ്റർ ഇൻ ചാർജ്ജ് & അഡ്വർട്ടൈസ്മെന്റ്
ഫാ. ആന്റണി ഒളാട്ടുപുറത്ത്

അസോസ്സിയേറ്റ് എഡിറ്റേഴ്സ്
ഫാ. രൂപേഷ് മൈക്കിൾ കളത്തിൽ
ഫാ. ലിജോ മാത്യുസ് താണിപ്പിള്ളി

എക്സിക്യൂട്ടീവ് എഡിറ്റർ
ടൈറ്റസ് ഗോതുരുത്ത്

സർക്കുലേഷൻ മാനേജർ
ഫാ. അഗസ്റ്റിൻ നിമേഷ് കാട്ടാശ്ശേരി

പത്രാധിപസമിതി
സിപ്പി പള്ളിപ്പുറം
ജോസഫ് പനക്കൽ
ജോയ് ഗോതുരുത്ത്

ഡി.ടി.പി.
നിഷ സോജൻ

രൂപകല്പന
ഇമേജ് (കിഡ്സ്) കോട്ടപ്പുറം

എഡിറ്റർ
ദിദിമോസ്, വികാസ്
കോട്ടപ്പുറം - 680 667
ഫോൺ : 0480 2807678
didimoskottapuram@gmail.com

## താളുകളിൽ

പൈതൃകാമുഖം................................4

ദൈവദാസൻ ജോസഫ് അട്ടിപ്പേറ്റി :
ആധുനിക വരാപ്പുഴ അതിരൂപതയുടെ
ജനയിതാവ്.......................................6

ചരിത്രമുറങ്ങുന്ന
പറങ്കിനാട്ട് കുരിശ്................................9

വി. യൗസേപ്പിതാവ്:
വി. ഗ്രന്ഥത്തിലും പാരമ്പര്യങ്ങളും............12

കോവിഡിന്റെ പശ്ചാത്തലത്തിൽ
ഇടവകയിലെ സാമൂഹിക നേതൃത്വം.........17

വാർത്താജാലകം................................21

# പൈതൃകാമുഖം



റൈറ്റ് റവ.ഡോ.
ജോസഫ് കാരിക്കശ്ശേരി

**കു**രിശിന്റെ വിശുദ്ധ യോഹന്നാന് ഈശോ പ്രത്യക്ഷപ്പെട്ട് ചോദിച്ചു : "നീ എന്താണ് ആഗ്രഹിക്കുന്നത്?" യോഹന്നാൻ പറഞ്ഞു : "കർത്താവേ, ഞാൻ അങ്ങയെപ്രതി സഹിക്കാനും നിന്ദിക്കപ്പെടാനും ആഗ്രഹിക്കുന്നു."

ഞാൻ ഈ കുറിപ്പ് എഴുതുമ്പോൾ ആഗസ്റ്റ് 19, 2021 സുഡാനിൽ സേവനം കഴിഞ്ഞ് മടങ്ങിവരുന്ന രണ്ടു സഹോദരിമാരെ വെടിവച്ചു കൊല്ലുന്നതിന്റെ ഓർമ്മ മനസ്സിൽ സൂക്ഷിക്കുന്നു. ഈ വാർത്താചിത്രത്തിൽ അവരുടെ കഴുത്തിൽ കുരിശ് ഉണ്ട്. നാളെ 20-ാം തിയ്യതി അവരുടെ ശവസംസ്കാരം നടക്കുകയാണ്. ഇത് ഒരു ഉദാഹരണം മാത്രം. ഇതുപോലെ ഒത്തിരി സംഭവങ്ങൾ ലോകത്തിൽ നടക്കുന്നുണ്ട്. കുരിശ് ധരിച്ചതുകൊണ്ട് ഒരു നഴ്സിന്റെ ജോലി നഷ്ടപ്പെട്ട സംഭവം ഓർക്കുന്നു. കുരിശ് ധരിച്ച് ആശുപത്രിയിൽ വരുവാൻ പാടില്ല എന്ന അധികാരികളുടെ വിലക്ക് ലംഘിച്ച് വിശ്വാസത്തെപ്രതി കുരിശു ധരിച്ചുകൊണ്ടുതന്നെ പതിവുപോലെ ആശുപത്രിയിൽ പോയപ്പോൾ അവരെ ജോലിയിൽ നിന്നു പിരിച്ചുവിട്ടു. അതിലൂടെ നല്ലൊരു ശമ്പളമാണ് അവർക്കു നഷ്ടപ്പെട്ടത്. മത്താ 5 : 11 - 12a "എന്നെപ്രതി മനുഷ്യർ നിങ്ങളെ അവഹേളിക്കുകയും പീഡിപ്പിക്കുകയും എല്ലാവിധ തിന്മകളും നിങ്ങൾക്കെതിരെ വ്യാജമായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ; നിങ്ങൾ ആനന്ദിച്ച് ആഹ്ലാദിക്കുവിൻ; സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും."

ഇത്തവണ ഒളിംപിക്സിൽ മെഡൽ നേടിയ, എത്യോപ്യൻ അത്‌ലറ്റ് മെസേർട്ട് ഡെഫർ മെഡലിനൊപ്പം മാതാവിന്റെ ഒരു അത്ഭുതരൂപം ഉയർത്തിക്കാട്ടി. അതിലുമുണ്ട് കുരിശ്. ഇവിടെയാണ് കുരിശിന്റെ വിജയം. വേദനകളും ഭാരവും സഹനവുമെല്ലാം ഇഴപിരിഞ്ഞു കിടക്കുന്നു. നമ്മുടെ ജീവിതം തന്നെ അതാണ്. ഞാൻ ഓരോ ദിവസവും ചെറുതും വലുതുമായ കുരിശു വഹിക്കുന്നവനാണ്.

കുരിശിന്റെ ഭാരം കൊണ്ട് യേശു നിലത്തു വീണതായി നാം ധ്യാനിക്കുന്നു. ഈ വീഴ്ചയിലും ശിമയോൻ കടന്നുവരുന്നുണ്ട്, വെറോനിക്കയുണ്ട്, പരിശുദ്ധ കന്യകാമറിയമുണ്ട്, ജറുസലേം സ്ത്രീകളുണ്ട്, മഗ്ദലേനമറിയം ഉണ്ട്. ഇവരൊക്കെ യേശുവിന്റെ കുരിശിന്റെ ഭാരം ലഘൂകരിക്കുന്നു. അപരനിൽ

ക്രിസ്തുവിനെ നാം കാണുന്നുണ്ടെങ്കിൽ അനുദിന ജീവിതത്തിൽ കുരിശും എടുത്ത് തളർന്നുപോകുന്നവന്റെ കരിശിന്റെ ഭാരം കുറയ്ക്കുവാൻ നാം ഇവരൊക്കെ ആയി മാറണം. മത്താ 25 : 40 "സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവനു നിങ്ങൾ ഇതു ചെയ്തു കൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തുതന്നത്" എന്ന ക്രിസ്തുമൊഴി മറക്കാതിരിക്കുക.

ഓർമ്മിപ്പിക്കുന്നു, "നമുക്കും അവനോടുകൂടെ പോയി മരിക്കാം." യേശു സാന്ത്വന വാക്കുകളായ് ഭയപ്പെടേണ്ട എന്നു പറഞ്ഞ പശ്ചാത്തലം സഹനത്തിന്റെ കാലഘട്ടമായിരുന്നു. ഇതിന്റെ അർത്ഥം നമ്മുടെ ജീവിതത്തിന്റെ വിജയം യേശുവിന്റെ മരണത്തിൽ പങ്കുചേരുക എന്നുള്ളതാണ്. ഒരു വിശ്വാസിയുടെ മരണം എപ്പോഴും കർത്താവിനോട് ഒന്നുചേരുന്നതിന്റെ അവസരമാണ്.



ഇതൊരു സഹന കാലഘട്ടമാണ്. ഈ കൊച്ചു സംസ്ഥാനത്ത് കോവിഡ് മരണം 19000 കവിഞ്ഞു. നമ്മുടെ രാജ്യത്ത് കോവിഡ് മൂലമുള്ള മരണം 400000 കവിഞ്ഞതായി കണക്കുകൾ സൂചിപ്പിക്കുന്നു. മരണം നമ്മുടെ പടിവാതിൽക്കൽ എത്തുമ്പോൾ ഭയം തോന്നാം. ഇവിടെ ആശ്രയം "ഭയപ്പെടേണ്ട; ഞാൻ കൂടെയുണ്ട്" എന്ന വചനമാണ്. തോമാസ്ശ്ലീഹ

അതുകൊണ്ട് ഈ കാലഘട്ടം പ്രത്യാശയുടെ അവസരമായി നാം മാറ്റണം. മാർപാപ്പ ഓർമ്മിപ്പിക്കുന്നതുപോലെ കാനായിലെ കല്യാണവിരുന്നിന്റെ ആഘോഷങ്ങൾ വീണ്ടും വരും. നിരാശപ്പെട്ട് തകർന്നടിഞ്ഞ് ജീവിക്കാതെ വീണ്ടും പ്രഭാതം വരും എന്ന പ്രത്യാശയോടെ നമുക്കു മുന്നേറാം. തിരുവചന വായനയും ധ്യാനവും അതിനു നമുക്ക് ശക്തിനൽകട്ടെ.

ഫാ. ജോബി കാട്ടാശ്ശേരി

# ദൈവദാസൻ ജോസഫ് അട്ടിപ്പേറ്റി : ആധുനിക വരാപ്പുഴ അതിരൂപതയുടെ ജനയിതാവ്



കേരളത്തിലെ സീറോ മലബാർ കത്തോലിക്കർ തദ്ദേശീയരായ മെത്രാന്മാരുടെ കീഴിൽ അഭൂതപൂർവ്വമായ പുരോഗതി പ്രാപിച്ച് മുന്നോട്ടു പോയപ്പോൾ, ലത്തീൻ കത്തോലിക്കർ വൈദേശീയരായ മെത്രാന്മാരുടെ കീഴിൽ തുടരുകയായിരുന്നു. ക്രാന്തദർശിയായ എയ്ഞ്ചൽ മേരി നാട്ടുമെത്രാനു വേണ്ടിയുള്ള മുന്നൊരുക്കങ്ങൾ നടത്തി അവസരത്തിനു വേണ്ടി കാത്തുനിൽക്കുകയായിരുന്നു. ഈ പിതാവിന്റെ കാലഘട്ടം ആരംഭിക്കുന്നതുവരെ, വരാപ്പുഴ അതിരൂപതയിൽ നിന്ന് വൈദിക വിദ്യാർത്ഥികളെ ഉപരിപഠനാർത്ഥം വിദേശത്തേക്ക് അയക്കുക പതിവില്ലായിരുന്നു. എന്നാൽ ഈ മെത്രാപ്പോലിത്തയാണ് അതിനു വ്യതിയാനം വരുത്തിയത്. തൃശ്ശിനാപ്പിള്ളി സെന്റ് ജോസഫ് കോളേജിൽ പഠിച്ച് ബി.എ ബിരുദം സമ്പാദിച്ച ജോസഫ് അട്ടിപ്പേറ്റിയെന്ന യുവവൈദികനെ അദ്ദേഹം തുടർപഠനത്തിനായി റോമിലെ പ്രൊപ്പഗാന്ത കോളേജിലേക്കയച്ചു. പിന്നീട് ഫാ. ജോർജ്ജ് കാട്ടാശ്ശേരിയെയും അദ്ദേഹം റോമിലെ ആഞ്ചെലിക്കൊ യൂണിവേഴ്സിറ്റിയിലേക്കയച്ചു. 1922 ൽ തദ്ദേശീയ മെത്രാനെ ലഭിക്കണമെന്ന ഒരു നിവേദനം പരിശുദ്ധ പിതാവിനു സമർപ്പിക്കപ്പെട്ടിരുന്നു. ഇതിന്മേൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ മെത്രാപ്പോലിത്തയായ ലെപ്പിസിയറെ റോം നിയോഗിച്ചു. ഇതിന്റെ വെളിച്ചത്തിൽ 1932 നവംബർ 29-ാം തിയ്യതി എയ്ഞ്ചൽ മേരി പിതാവിന്റെ പിൻഗാമിയായി പിൻതുടർച്ചാവകാശമുള്ള തദ്ദേശീയ സഹായമെത്രാനായി ഫാ. ജോസഫ് അട്ടിപ്പേറ്റിയെ നിയമിക്കാൻ തീരുമാനിച്ചു. ആധുനിക വരാപ്പുഴ അതിരൂപതയുടെ ജനയിതാവ് എന്ന അപരനാമത്താൽ അറിയപ്പെടുന്ന ആർച്ച് ബിഷപ്പ് ജോസഫ് അട്ടിപ്പേറ്റി വൈപ്പിൻ കരയിലെ ഓച്ചൻതുരുത്ത് ഇടവകാംഗമായി 1894 ജൂൺ 25ന് ജനിച്ചു. അദ്ദേഹം എറണാകുളം സെന്റ് ആൽബർട്ട്സ് ഹൈസ്കൂളിലാണ് പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയത്. തൃശ്ശിനാപ്പിള്ളിയിലെ കലാലയ പഠനത്തിനു ശേഷം റോമിലെത്തിയ അദ്ദേഹം തത്വശാസ്ത്രത്തിലും ഡോക്ടറേറ്റ് ബിരുദം നേടി. മടങ്ങിയെത്തിയ അദ്ദേഹത്തെ കുറച്ചുനാൾ ചാത്യാത്ത് മൗണ്ട് കാർമ്മൽ ദൈവാലയത്തിൽ സഹവികാരിയായി നിയമിച്ചു. പിന്നീട് എയ്ഞ്ചൽ മേരി പിതാവിന്റെ സെക്രട്ടറി, അതിരൂപത ചാൻസലർ എന്നീ നിലകളിൽ പ്രവർത്തിച്ചു. ചാൻസലറായി സ്തുത്യർഹമായ സേവനം നടത്തിക്കൊണ്ടിരിക്കുമ്പോഴാണ് അതിരൂപതയിലെ സഹായമെത്രാനായി ഉയർത്തപ്പെട്ടത്. അദ്ദേഹത്തിന്റെ സ്ഥാനാഭിഷേക കർമ്മങ്ങൾ എറണാകുളത്ത് വിപുലമായ ആഘോഷ പരിപാടികളോടെ കൊണ്ടാടുന്നതിനായി ആസൂത്രണം ചെയ്തുകൊണ്ടിരിക്കെയാണ് പരിശുദ്ധ പതിനൊന്നാം പീയൂസ് പാപ്പയാൽ അഭിഷിക്തനാകുവാൻ വേണ്ടി റോമിലേക്കു വിളിക്കപ്പെട്ടത്. കേരളത്തിലെ ലത്തീൻ സമുദായത്തിൽ നിന്നുള്ള ആദ്യത്തെ തദ്ദേശീയ മെത്രാപ്പോലി

ത്തയെ തന്റെ കരങ്ങളാൽ അഭിഷേകം ചെയ്യുവാൻ തീരുമാനിച്ചത് പാപ്പയ്ക്ക് ഈ സമുദായത്തോടുള്ള വാത്സല്യാതിരേകത്തിന്റെ പ്രത്യയ ലക്ഷണമായിരുന്നു.

ഡോ. ജോസഫ് സെബസ്ത്യാനി മുതൽ 1934 വരെ പണ്ഡിതരും അതിലേറെ ഊർജ്ജസ്വലരും തീക്ഷ്ണമതികളും സർവ്വോപരി വിശുദ്ധരായ 17 കർമ്മലീത്ത മെത്രാന്മാരുടെ പിൻഗാമിയായിട്ടാണ് 1934 ഡിസംബർ 21 ന് വരാപ്പുഴ മെത്രാപ്പോലിത്തയായി അട്ടേപ്പേറ്റി പിതാവ് സ്ഥാനാരോഹണം ചെയ്തത്. സുദീർഘമായ 36 വർഷം പിതാവ് വരാപ്പുഴ അതിരൂപതയുടെ ഭരണസാരഥിയായിരുന്നു. "എല്ലാവരെയും നേടുന്നതിന് എല്ലാവർക്കും എല്ലാമായിത്തീരുക" എന്ന ആപ്തവാക്യം നെഞ്ചിലേറ്റിക്കൊണ്ട് വരാപ്പുഴ അതിരൂപതയിലെ ഇന്നത്തെ കോട്ടപ്പുറം രൂപത ഉൾപ്പെടെ എല്ലാ വീടുകളും അദ്ദേഹം സന്ദർശിച്ചിട്ടുണ്ടെന്നത് ഒരു യാഥാർത്ഥ്യം തന്നെയാണ്. ജനങ്ങളുടെ ബുദ്ധിമുട്ടുകൾ നേരിട്ട് കണ്ട് മനസ്സിലാക്കുവാൻ അദ്ദേഹത്തിന് ഇതുവഴി സാധിച്ചു. 1966 ഓടുകൂടി അദ്ദേഹം അതിരൂപതയിലെ എല്ലാ കത്തോലിക്ക കുടുംബങ്ങളും സന്ദർശിച്ചു. 1947 ലാണ് അദ്ദേഹം ഈ മഹാദൗത്യം ആരംഭിച്ചത്. കുന്നുകൾ കയറിയും കായലും പുഴയും തോടും കടന്ന് കാൽനടയായി യാത്രചെയ്തും അതിരൂപതയിലെ വിദൂരസ്ഥലങ്ങളിൽ സ്ഥിതിചെയ്തിരുന്ന ഒരു ഭവനം പോലും ഒഴിവാക്കാതെ എല്ലാ ഭവനങ്ങളും സന്ദർശിച്ചു. ഭാരതത്തിലെ ഒരു മെത്രാൻ പോലും ചെയ്യാത്ത ഒരു മഹാകൃത്യമാണ് അദ്ദേഹം നിർവ്വഹിച്ചത്.

വിദ്യാഭ്യാസ കാര്യങ്ങളിൽ ഏറെ ശ്രദ്ധപതിപ്പിച്ചിരുന്ന അദ്ദേഹം സെന്റ് ആൽബർട്ട്സ് കോളേജ്, കളമശേരിയിൽ സെന്റ് പോൾസ് കോളേജ്, ലിറ്റിൽ ഫ്ളവർ എഞ്ചിനിയറിങ് ഇൻസ്റ്റിറ്റ്യൂട്ട്, ആലുവയിൽ സെന്റ് സേവ്യേഴ്സ് കോളേജ് എന്നിവ സ്ഥാപിച്ചു. കൂടാതെ യുവപ്രതിഭകളെ ഉപരിപഠനത്തിനായി പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്തുകൊണ്ടിരുന്നു. ചാത്യാത്ത് ബഥേൽ അനാഥാലയം, എറണാകുളം ഹൗസ് ഓഫ് പ്രൊവിഡൻസ്, പച്ചാളം ലൂർദ്ദ് ഹോസ്പിറ്റൽ, കോട്ടപ്പുറം രൂപതയിലെ തുരുത്തിപ്പുറത്തെ അസ്സീസ്സി ആശുപത്രി എന്നീ സ്ഥാപനങ്ങൾ അട്ടിപ്പേറ്റി പിതാവിന്റെ ദീനാനുകമ്പയുടെയും ആർദ്രതയുടെയും പ്രത്യയോദാഹരണങ്ങളാണ്. 1944 ൽ രൂപീകൃതമായ ഭാരത കത്തോലിക്ക മെത്രാൻ സംഘത്തിന്റെ (CBCI) സ്ഥാപക നേതാക്കന്മാരിൽ ഒരാളായ ജോസഫ് അട്ടിപ്പേറ്റി പിതാവ്, ഭാരതത്തിലെ ക്രൈസ്തവ സാമൂഹിക പ്രവർത്തനം ശക്തിപ്പെടുത്തി. ജനാധിപത്യ സംസ്കാരം മനുഷ്യരാശിയെ മുഴുവൻ ഗ്രസിക്കുകയും ഭരിക്കുകയും ചെയ്ത അവസരത്തിൽ ക്രിസ്തുവിന്റെ ദൗത്യപ്രചാരണം ശക്തിപ്പെടുത്തുവാൻ പത്രങ്ങൾക്കു സാധിക്കുമെന്ന് മനസ്സിലാക്കിയ പിതാവ്, കേരള ടൈംസിനെ ശക്തിപ്പെടുത്തി. 1972 ൽ സ്ഥാപിതമായ കേരള ലാറ്റിൻ കാത്തലിക് അസ്സോസിയേഷന്റെ മുന്നോടിയായി 1967 ൽ വരാപ്പുഴ അതിരൂപത കാത്തലിക് അസ്സോസിയേഷൻ പിതാവാണ് സ്ഥാപിച്ചത്. CBCI യുടെ സാമൂഹിക പ്രവർത്തനത്തിന്റെ സ്ഥിരം അദ്ധ്യ



ക്ഷനായിരുന്നു ജോസഫ് അട്ടിപ്പേറ്റി പിതാവ്.

ഭാരതത്തിലെ പ്രഥമ കർദ്ദിനാൾ ബോംബെ മെത്രാപ്പോലിത്ത വലേരിയൻ ഗ്രേഷ്യസ്, അട്ടിപ്പേറ്റി പിതാവിന്റെ നേതൃത്വ പാടവത്തെയും ജീവിത വിശുദ്ധിയെയും അഗാധ ജ്ഞാനത്തെയും എന്നും ആദരിച്ചിരുന്നു. പ്രധാന ഘട്ടങ്ങളിൽ അട്ടിപ്പേറ്റി പിതാവിൽ നിന്നും ഉപദേശങ്ങൾ സ്വീകരിക്കാൻ ബോംബെയിൽ നിന്നും ഗ്രേഷ്യസ് പിതാവ് ഇവിടെയെത്തുക പതിവായിരുന്നു. അപ്രതീക്ഷിതമായിരുന്നു ജോസഫ് അട്ടിപ്പേറ്റി പിതാവിന്റെ ദേഹവിയോഗം. അതിനു രണ്ടു ദിവസം മുമ്പ് കത്തോലിക്ക മെത്രാന്മാരുടെ സമ്മേളനത്തോടനുബന്ധിച്ച് എറണാകുളം സെന്റ് മേരീസ് കത്തീഡ്രലിൽ നടന്ന ദിവ്യബലിയർപ്പണത്തിൽ ഹൃദയസ്പൃക്കായ വചനപ്രഘോഷണം നടത്തിയതായിരുന്നു. പെട്ടെന്നാണ് മാരകമായ രോഗം അദ്ദേഹത്തെ പിടികൂടിയത്. 1970 ജനുവരി 11-ാം തിയ്യതി ഒരു കുത്തിവയ്പ്പിനെ തുടർന്ന് സംസാരശേഷിയറ്റ് നിശ്ചലനായിത്തീർന്ന അദ്ദേഹത്തെ ലൂർദ്ദ് ആശുപത്രിയിലേക്ക് മാറ്റി. കള്ളനെപ്പോലെ പ്രതീക്ഷിക്കാത്ത നിമിഷത്തിൽ മരണം അദ്ദേഹത്തെ പുല്കി. 1970 ജനുവരി 21 ന് വി. ആഗ്നസിന്റെ തിരുനാൾ ദിനത്തിലാണ് അപ്രതീക്ഷിതമായ ഈ ദേഹവിയോഗം ഉണ്ടായത്. പൂജ്യാവശിഷ്ടങ്ങൾ സെന്റ് ഫ്രാൻസിസ് അസ്സീസ്സി കത്തീഡ്രലിന്റെ ക്രിപ്റ്റിൽ അടക്കം ചെയ്തിരിക്കുന്നു. അന്ത്യോപചാര പ്രഭാഷണം നടത്തിയത് അദ്ദേഹത്തിന്റെ ഉറ്റ സുഹൃത്തായിരുന്ന കർദ്ദിനാൾ വലേരിയൻ ഗ്രേഷ്യസാണ്. 2020 ജനുവരി 21-ാം തിയ്യതി, പിതാവിന്റെ മരണത്തിന്റെ 50-ാം വർഷത്തിൽ ദൈവദാസനായി പ്രഖ്യാപിച്ചു.





ഫാ. നോയൽ കുരിശിങ്കൽ

# ചരിത്രമുറങ്ങുന്ന
# പറങ്കിനാട്ട് കുരിശ്

എറണാകുളം ജില്ലയിലെ വടക്കേ അതിർത്തിയിലുള്ള പുത്തൻവേലിക്കര ഗ്രാമപഞ്ചായത്തിൽ ഒരു സുന്ദര ഗ്രാമമുണ്ട്. ആ ഗ്രാമത്തിന്റെ പേര് പറങ്കിനാട്ട് കുരിശ്. പച്ചപുതച്ചു പുഴയോടു ചേർന്നു കിടക്കുന്ന ഈ ഗ്രാമത്തിന് പറങ്കിനാട്ട് കുരിശ് എന്ന പേര് വന്നതിനു പിന്നിൽ ചരിത്രത്തിന്റെ ഇതളുകൾ വെളിപ്പെടുത്തുന്ന ഒരു കഥയുണ്ട്.

വാസ്ക്കോ ഡി ഗാമ കാപ്പാട് വന്നിറങ്ങിയതോടെ കേരളത്തിൽ വാണിജ്യത്തിന് ആക്കം കൂടി. പിന്നീടങ്ങോട്ട് ലോകത്തിന്റെ വിവിധ നാടുകളിൽ നിന്ന് നൂറ്റാണ്ടുകൾ തുടർച്ചയായ് കേരളത്തിന്റെ അഴിമുഖങ്ങളിലൂടെ വിദേശ വ്യാപാരികൾ പായ്ക്കപ്പലുകളിൽ നാട്ടുരാജ്യങ്ങളുടെ കായലോരങ്ങളിൽ വാണിജ്യത്തിനായി ചേക്കേറി. 17-ാം നൂറ്റാണ്ടിൽ സാമൂതിരി കൊടുങ്ങല്ലൂർ ഭരിച്ചിരുന്ന കാലം. മുസരീസ് പട്ടണത്തിലേയ്ക്ക് കച്ചവടത്തിനായി അറബികളും ഡച്ചുകാരും പോർച്ചുഗീസുകാരും ഒരുപോലെ തകൃതിയായി വാണിജ്യത്തിനായി എത്തിക്കൊണ്ടിരിക്കുന്നു. അന്ന് ചേരമാൻ പെരുമാൾ എന്ന മുസ്ലിം രാജാവ് സാമൂതിരിയുടെ കീഴിലുള്ള നാട്ടുരാജ്യങ്ങൾ ഭരിച്ചുപോന്നു. വിദേശ വ്യാപാരികളുമായുള്ള പല സന്ധികളിലും ചേരമാൻ രാജാവ് ഏർപ്പെട്ടു. എന്നാൽ ക്രിസ്തീയ വിശ്വാസം പ്രചരിപ്പിക്കുന്നതിൽ തൃപ്തനല്ലാതിരുന്ന ചേരമാൻ പെരുമാൾ അവയിൽ നിന്നും പല വ്യാപാരികളെയും വിലക്കി.

18-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പോർച്ചുഗീസിൽ നിന്നും വന്ന ഒരു പായ്ക്കപ്പൽ മുസരീസ് നഗരം കഴിഞ്ഞു കാണുന്ന കരയായ പുലിയൻ തുരുത്തിൽ അടുത്തു. അന്ത്രയോസ് ഡി. ലാഗോസ് എന്നു പേരായ വ്യാപാരിയുടെ നേതൃത്വത്തിലുള്ള സംഘമായിരുന്നു അത്. വാണിജ്യത്തിന്റെ പുതിയ തന്ത്രങ്ങൾ അറിയാമായിരുന്ന അന്ത്രയോസ് ആനക്കൊമ്പ്, തേക്ക് തടി, വീട്ടിതടി തുടങ്ങി കൂടുതൽ ലാഭം നേടാവുന്ന വ്യാപാര ഉല്പന്നങ്ങളുടെ കയറ്റുമതിയെക്കുറിച്ച് പെരുമാളുമായി ഉടമ്പടി നടത്തി. തീർത്തും സൗമ്യനായിരുന്ന അന്ത്രയോസ് ഡി ലാഗോസിനെ രാജാവിനു ബോധിച്ചു. പുലിയൻതുരുത്തിൽ വ്യാപാര സ്ഥാപനം തുറക്കാൻ അനുമതി നൽകി. വേലചെ

യ്യാൻ അടിയാളന്മാരെയും രാജാവ് തരപ്പെടുത്തി. എന്നാൽ കയറ്റി അയക്കുന്ന എല്ലാ ഉല്പന്നങ്ങളുടെയും കപ്പം നൽകുവാൻ നിർദ്ദേശവും നൽകി. നികുതി ഇനത്തിൽ നല്ല ആദായം ലഭിക്കുമെന്നതിനാൽ അന്ത്രയോസിന്റെ ചില ആവശ്യങ്ങൾ അംഗീകരിച്ചു കൊടുക്കുവാൻ പെരുമാൾ രാജാവും നിർബന്ധിതനായി. മതപ്രചാരണത്തിന് അനുവാദം നൽകിയില്ലെങ്കിലും ഈശ്വരവിശ്വാസിയും കുരിശുഭക്തനുമായ അന്ത്രയോസിനോട് രാജാവ് പറഞ്ഞു, "പറങ്കിക്ക് മാത്രം പ്രാർത്ഥിക്കുവാനായി ഒരു കുരിശു നാട്ടുവാൻ നാം അനുവാദം തന്നിരിക്കുന്നു." കൊണ്ടുവന്ന ചില പാരിതോഷികങ്ങൾ പെരുമാളിനു നല്കി അന്ത്രയോസ് പറങ്കി പുലിയൻതുരുത്തിൽ സ്ഥിരതാമസമാക്കി. പാവങ്ങളായിരുന്ന അടിയാളന്മാർക്ക് ഉപജീവനത്തിന് പറങ്കി വഴിയൊരുക്കി. രാജാവിനു തുല്യമായ ആദരവ് പറങ്കിക്കു ലഭിച്ചു. ആനക്കൊമ്പ്, തേക്ക് തടി, കുരുമുളക്, ചുക്ക്, ഏലം, കരയാമ്പു തുടങ്ങിയ ഉല്പന്നങ്ങൾ വാങ്ങി കയറ്റിവിടുന്ന ജോലിയിൽ പറങ്കി ഏർപ്പെട്ടു.

താമസിയാതെ അന്ത്രയോസ് പറങ്കിയെ സഹായിക്കാൻ അദ്ദേഹത്തിന്റെ ഭാര്യയും സേവകരും കുറെയേറെ അടിമകളായ കാപ്പിരികളും ഇവിടെയെത്തി. പോർച്ചുഗലിൽ നിന്നും കൊണ്ടുവന്ന ഒരു തങ്കകുരിശ് പറങ്കി തനിക്ക് പ്രാർത്ഥിക്കുവാനായി സ്ഥാപിച്ചു. പറങ്കി നാട്ടിയ കുരിശ് കാണുവാനായി ചേരമാൻ പെരുമാൾ എഴുന്നള്ളി. വഞ്ചിയിൽ പരിവാരങ്ങളോടെ വന്നിറങ്ങിയ രാജാവിനെ പറങ്കി സത്കരിച്ചു. സത്കാരം രസിച്ച പെരുമാൾ കുരിശു നോക്കി പറഞ്ഞു. "പറങ്കി നാട്ടിയ കുരിശ് ഭേഷായിരിക്കുന്നു." അതോടെ പുലിയൻതുരുത്ത് പറങ്കിനാട്ട് കുരിശെന്ന പേരിൽ അറിയപ്പെട്ടു.

താൻ നാട്ടിയ കുരിശിനു മുന്നിൽ തിരിതെളിച്ച് പറങ്കി എന്നും പ്രാർത്ഥിക്കുമായിരുന്നു. പറങ്കിയുടെ ആത്മിയനിഷ്ഠ അടിയാളന്മാർക്ക് പ്രചോദനമായി. അടുത്ത് വരുവാൻ അനുവാദം ഇല്ലാതിരുന്നതിനാൽ അവർ ദൂരെ നിന്ന് കുരിശിനെ തൊഴുതു വണങ്ങി. പറങ്കിയുടെ വ്യാപാരം തീർത്തും അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരുന്നു.

അങ്ങനെയിരിക്കെ 18-ാം നൂറ്റാണ്ടിന്റെ മധ്യഘട്ടത്തിൽ മൈസൂർ ഭരിച്ചിരുന്ന ടിപ്പു യുദ്ധവെറിപൂണ്ട് കൊടുങ്ങല്ലൂർ ലക്ഷ്യമാക്കി പടനയിച്ചു വന്നു. പുലിയൻതുരുത്തിന്റെ കിഴക്കേ ഭാഗത്തുള്ള കുന്നിൽ വന്ന ടിപ്പു തന്റെ അധികാരം വിളംബരം ചെയ്തു അവിടെ കൊടി കുത്തി. ആ സ്ഥലം ഇപ്പോഴും കൊടികുത്തിക്കുന്ന് എന്ന പേരിലാണ് അറിയപ്പെടുന്നത്. നാട്ടുരാജ്യങ്ങളെ വിറപ്പിച്ച ടിപ്പു പറങ്കിയുടെ ഒത്താശയോടെ അതിനടുത്തായി തന്റെ പട ക്യാമ്പ് ചെയ്യിച്ചു. അങ്ങിനെയാണ് 'പടയാമ്പ്' എന്ന്



ആ സ്ഥലം അറിയപ്പെടാൻ തുടങ്ങിയത്. ഈ നാട്ടിലുണ്ടായിരുന്ന ഏതാനും ജൂതന്മാർ ടിപ്പുവിനെ ഭയന്ന് പാലായനം ചെയ്തുവെങ്കിലും സാധുക്കളായ അടിയാളന്മാരും കുടുംബങ്ങളും പറങ്കിയുടെ കീഴിൽ സുരക്ഷിതരായി ജീവിച്ചു. എന്നാൽ ഒരു വലിയ ജലപ്രളയം ആ കാലഘട്ടത്തിൽ കേരളത്തിലുണ്ടായി. പറങ്കിയുടെ കൃഷിയിടങ്ങൾ നശിച്ചുപോയി. വ്യാപാരം വല്ലാതെ ശുഷ്കിച്ചു. ടിപ്പുവിന്റെ പട മൈസൂരിലേക്ക് പിന്മാറി. തനിക്കുവന്ന ഭീമമായ നഷ്ടങ്ങളിൽ നിന്ന് കരകയറാൻ ശ്രമിക്കുന്നതിനിടെ മറ്റൊരു തകർച്ച പറങ്കിയെ കാത്തിരുന്നു. തന്റെ ചെറുപ്പക്കാരിയായ ഭാര്യ വ്യാപാരത്തിനു വന്ന മറ്റൊരു വിദേശിയോടൊപ്പം പായ്ക്കപ്പലിൽ നാടുവിട്ടു പോയി. അത് ആന്ത്രോസ് പറങ്കിയെ വല്ലാതെ തളർത്തി. ക്രുദ്ധനായ പറങ്കി താൻ വളർത്തിയെടുത്ത കൃഷിയിടങ്ങളും മറ്റും അടുത്തുള്ള പൂർവ്വിക മനയായ പായ്ക്കാട്ട് മനയിലെ കാരണവർക്ക് വില്ക്കുകയും കിട്ടിയ നാണയങ്ങളിൽ ഒരു ഭാഗം താൻ സ്ഥാപിച്ച തങ്ക കുരിശിനടിയിൽ നിക്ഷേപിച്ച് പകരം അവിടെ കൽകുരിശ് നാട്ടി അതിനു കാവലായി കാപ്പിരികളായ അടിമകളെ കുരുതി കൊടുത്തു. ഇത് അടിയാളന്മാരിൽ ഭയം ഉളവാക്കി. തങ്ങളുടെ പ്രിയങ്കരനായ പറങ്കി സ്വദേശത്തേയ്ക്ക് മടങ്ങാൻ ഒരുങ്ങുകയാണെന്ന് അവരറിഞ്ഞില്ല.

അക്കാലത്ത് പുലിയൻതുരുത്തിലെ മറുകരയായ ഗോതുരുത്തിലെ പ്രമാണിയായിരുന്ന കൈമളിന്റെ മകൻ മത്തായി പുലിയൻതുരുത്തിൽ വന്ന് പറങ്കിയുടെ കാര്യസ്ഥനായി സേവനമനുഷ്ഠിച്ചിരുന്നു. കൈമൾതുരുത്തിന്റെ മകൻ മത്തായി എന്നാണ് അയാൾ അറിയപ്പെട്ടിരുന്നത്. പറങ്കി തന്റെ അവശേഷിച്ച കുറെ ഭൂസ്വത്തുക്കൾ മത്തായിയെ ഏൽപിച്ചു പറഞ്ഞു. "I am leaving this place and will be back if God allows, build a Church in this land with the permission of Perumal" (ഞാൻ പോകുന്നു. ദൈവം അനുവദിച്ചാൽ ഞാൻ വരും. പെരുമാളിന്റെ അനുവാദം വാങ്ങി നീ ഇവിടെ ഒരു പള്ളി പണിയണം.) പിറ്റേന്ന് അതിരാവിലെ പറങ്കി താൻ പുതിയതായി നാട്ടിയ കൽക്കുരിശിൽ വന്ന് പ്രാർത്ഥിച്ചു തിരിയിട്ടു. പറങ്കി യാത്രയാവുന്ന വിവരം അറിഞ്ഞ് അടിയാളന്മാരും നാട്ടുകാരും കടവിൽ തടിച്ചുകൂടി. ഇത്രയും നാൾ താൻ മാത്രം തൊട്ടു പ്രാർത്ഥിച്ചിരുന്ന കുരിശ് ഇനി നിങ്ങളുടേതാണെന്നു പ്രഖ്യാപിച്ച് പറങ്കി കപ്പൽ കയറി.

പ്രതീക്ഷിക്കാതെ തന്റെ കയ്യിൽ വന്ന ഭൂസ്വത്തുക്കളും സമ്പാദ്യവും മത്തായിയെ അന്ധനാക്കി. തന്നെ പറങ്കി ഏൽപ്പിച്ച ദൗത്യം മത്തായി മറന്നുകളഞ്ഞു. പള്ളിനിർമ്മാണത്തിന്റെ നിയോഗം ശിരസ്സാവഹിക്കാതിരുന്ന മത്തായിയുടെ കുടുംബത്തിൽ സ്വസ്ഥതകളും അസുഖങ്ങളും വിടാതെ പിന്തുടർന്നു. ഇത് മനസ്സിലാക്കിയ മത്തായിയുടെ രണ്ടാം തലമുറയിലെ ചീക്കു എന്ന കാരണവർ ഇവിടെ ഒരു പള്ളി നിർമ്മിച്ചു. അസുഖങ്ങളിൽ നിന്നു മോചനം നേടി. (ആ പള്ളി നിലനിന്നിരുന്നത് ഇപ്പോഴുള്ള കുരിശിന്റെ കപ്പേളയുടെ തൊട്ടുമുമ്പിലായിരുന്നു). പിൽക്കാലത്ത് അത് ഒരു എഴുത്തു പള്ളിക്കൂടമായി പ്രവർത്തിക്കുകയും ചെയ്തു. നാനാജാതി മതസ്ഥർ നിലത്തെഴുത്തു പഠിച്ചിരുന്നത് ഇവിടെ വന്നാണ്. ഈ സമയത്ത് പറങ്കി സ്ഥാപിച്ച കെട്ടിടത്തിന്റെ പലഭാഗങ്ങൾ ജീർണ്ണിക്കുകയുണ്ടായി. അതിൽ ഒരു മുറിയിൽ ചീക്കുവിന്റെ ചെറുമക്കളിൽ ഒരാൾ ആവിയന്ത്രത്തിൽ പ്രവർത്തിക്കുന്ന നെല്ല്കുത്ത് മെഷീൻ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുകയും ചെയ്തിരുന്നു. പിന്നീട് ഈ ചെറുമക്കൾ പള്ളി നവീകരിച്ചു പണിതു. 2007 ൽ ആ പള്ളിയും പൊളിച്ചു. കുരിശുഭക്തരുടെയും സഹൃദയരുടെയും കൂട്ടായ പ്രയത്നത്തിലൂടെ 2008 ൽ പുതിയതായി ലൂർദ്ദ് മാതാവിന്റെ നാമത്തിൽ നിർമ്മിച്ച് പുനഃപ്രതിഷ്ഠ ചെയ്തു.

പെരിയാറും ചാലക്കുടി പുഴയും അറബിക്കടലിൽ സംഗമിക്കുന്ന പ്രാചീനവും പ്രസിദ്ധവുമായ മുസരീസ് തുറമുഖത്തോട് ചേർന്നുകിടക്കുന്ന പറങ്കിനാട്ട് കുരിശ് ഇന്ന് ചരിത്ര വിദ്യാർത്ഥികളുടെയും ചരിത്ര സ്നേഹികളുടെയും ഇഷ്ടഇടമാണ്. പ്രാർത്ഥനാ സൂക്തങ്ങളാൽ മുഖരിതമായ കുരിശിന്റെ തിരുനട നാനാജാതി മതസ്ഥരുടെയും അഭയകേന്ദ്രമാണ്. 275 വർഷം പഴക്കമുള്ള ചരിത്രമുറങ്ങുന്ന മണ്ണിൽ അനേകർ കാലങ്ങളായി ഏറ്റുപറയുന്ന മന്ത്രം **"വിശുദ്ധ കുരിശേ, സ്വസ്തി!"**

രതീഷ് ഭജനമഠം, ആലപ്പുഴ



# വി. യൗസേപ്പിതാവ്: വി. ഗ്രന്ഥത്തിലും പാരമ്പര്യങ്ങളും

ലോകരക്ഷകനായ യേശുവിന്റെ വളർത്തു പിതാവും പരിശുദ്ധ മറിയത്തിന്റെ വിരക്ത ഭർത്താവുമായ വി. യൗസേപ്പിതാവിനെക്കുറിച്ച് വി. ഗ്രന്ഥത്തിലും സഭാപാരമ്പര്യങ്ങളിലും പഠനങ്ങളിലും നിന്ന് വളരെ വിരളമായ അറിവുകളെ ലഭിക്കുന്നുള്ളൂ. വി. യൗസേപ്പിനെക്കുറിച്ച് തിരുവചനം കടുത്ത മൗനമാണ് അവലംബിക്കുന്നത്. എങ്കിലും മറിയത്തോടൊപ്പം സ്വർഗ്ഗീയമായ രക്ഷാകര പദ്ധതിയിൽ പ്രധാന പങ്ക് വഹിച്ച അദ്ദേഹത്തിന് തിരുസഭയിൽ അതുല്യവും സവിശേഷവുമായ സ്ഥാനമാണുള്ളത്. സഭയിലെ പണ്ഡിതർ വിശുദ്ധനെക്കുറിച്ച് വിരളമായെ എഴുതിയിട്ടുള്ളുവെങ്കിലും തിരുസഭ അദ്ദേഹത്തെ പ്രധാന സ്ഥാനം നൽകിയാണ് ആദരിക്കുന്നത്. ബൈബിളിലെ സുവിശേഷത്തിന്റെ ആരംഭത്തിൽ തന്നെ വി. യൗസേപ്പിനെക്കുറിച്ച് പരാമർശിച്ചിട്ടുണ്ടെങ്കിലും വി. മത്തായിയുടെയും വി. ലൂക്കായുടെയും സുവിശേഷങ്ങളിലാണ് വിശുദ്ധനെക്കുറിച്ച് കൂടുതൽ വിവരിച്ചിട്ടുള്ളത്. മറിയത്തിന് ലഭിച്ച ദൈവദൂതന്റെ ദർശനങ്ങളെക്കുറിച്ച് മത്തായിയുടെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടില്ലായെങ്കിലും യൗസേപ്പിനു ലഭിച്ച ദൈവദൂതന്റെ മൂന്നു ദർശനങ്ങളെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. വി. ഗ്രന്ഥത്തിൽ പ്രധാനമായും മിശിഹാ ചരിത്രത്തെക്കുറിച്ചാണ് പ്രതിപാദിച്ചിരിക്കുന്നത്. അതുകൊണ്ടാണ് യൗസേപ്പിനെയും മറിയത്തെയും കുറിച്ചുള്ള പല വിവരങ്ങളും ആദിമകാലത്തും തുടർന്നും രചിക്കപ്പെട്ടത്. സഭ കാനോനികമായി അംഗീകരിക്കാത്ത ഗ്രന്ഥങ്ങളെയാണ് അപ്രമാണിക ഗ്രന്ഥങ്ങൾ എന്നു പറയുന്നത്. മനുഷ്യനായി അവതരിച്ച ദൈവപുത്രനായ യേശുവിന്റെ ജനനത്തിനു മുമ്പും സ്വർഗ്ഗാരോഹണത്തിനു ശേഷവുമുള്ള വിവരങ്ങൾ കൂടുതൽ അറിയുവാൻ അപ്പോക്രിഫാ ഗ്രന്ഥ

ങ്ങൾ അഥവാ അപ്രമാണിക ഗ്രന്ഥങ്ങളെയും മറ്റും ആശ്രയിക്കേണ്ടി വരുന്നു. സഭ പ്രമാണിക ഗ്രന്ഥങ്ങളായി അംഗീകരിച്ചിട്ടില്ലാത്ത അപ്രമാണിക പുസ്തകങ്ങളിൽ വി. യൗസേപ്പിനെ സംബന്ധിക്കുന്ന പല വിവരങ്ങളുമുണ്ട്. മറിയത്തിന്റെ കന്യകാത്വവും കന്യാത്വത്തിലുള്ള ഈശോയുടെ ജനനവും ഉറപ്പിക്കാൻ വേണ്ടി ഈ ഗ്രന്ഥങ്ങളിൽ യൗസേപ്പിനെ വൃദ്ധനായാണ് അവതരിപ്പിച്ചിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് യുവാവായ യൗസേപ്പിനെ പുരാതന കാലം മുതൽ കലാകാരന്മാരും മറ്റും വയോധികനായി ചിത്രീകരിച്ചത്.

സഭ അംഗീകരിച്ചിട്ടില്ലായെങ്കിലും ഈ അപ്രമാണിക ഗ്രന്ഥങ്ങളിൽ പലതും സഭാ പാരമ്പര്യത്തിലും പൈതൃകത്തിലും വിശ്വാസത്തിലും വലിയ സ്വാധീനം ചെലുത്തിയിരുന്നതായി ചരിത്രങ്ങളിൽ കാണുവാൻ കഴിയും. പ്രധാനമായും യാക്കോബിന്റെ സുവിശേഷം, തോമാസിന്റെ സുവിശേഷം, The Gospel of Pseudo Mathew, The Gospel of the Nativity of Mary, The History of Joseph the Carpenter- എന്നീ അപ്രമാണിക ഗ്രന്ഥങ്ങളിൽ വി. യൗസേപ്പിനെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. ബൈബിളിൽ വി. യൗസേപ്പിനെക്കുറിച്ചുള്ള പരാമർശങ്ങൾ കുറവാണെങ്കിലും സഭാപാരമ്പര്യം, സ്വകാര്യ വെളിപാടുകൾ, വേദപാരംഗതരുടെയും വിശുദ്ധരുടെയും സഭാപിതാക്കന്മാരുടെയും പഠനങ്ങൾ, പോപ്പുമാരുടെ ഔദ്യോഗിക പ്രബോധനങ്ങൾ - തുടങ്ങിയവയിൽ നിന്ന് വിശുദ്ധനെക്കുറിച്ചുള്ള കൂടുതൽ അറിവുകൾ ലഭിക്കുന്നു. വി. യൗസേപ്പിന്റെ നിത്യബ്രഹ്മചര്യം, ആഴമായ വിശുദ്ധി, രക്ഷകനായ യേശുവിന്റെ പാലകനും വളർത്തുപിതാവും, മറിയത്തിന്റെ വിരക്ത ഭർത്താവ്, സഹനങ്ങൾ, മാതൃക തൊഴിലാളി, ദാവീദുവംശജൻ - തുടങ്ങിയ പ്രത്യേകതകളെ സംബന്ധിച്ച് സഭാ പഠനങ്ങളിൽ പ്രത്യേകം ഉയർത്തി കാട്ടിയിട്ടുണ്ട്. പരിശുദ്ധ കന്യകാമറിയത്തിനു ശേഷം വി. യൗസേപ്പിനെക്കുറിച്ചാണ് റോമിലെ പാപ്പാമാർ ഏറെ പരാമർശിച്ചിട്ടുള്ളത്. വാഴ്ത്തപ്പെട്ട 9-ാം പീയൂസ് പാപ്പ 'തിരുസഭയുടെ സംരക്ഷകൻ' എന്നും, 12-ാം പീയൂസ് പാപ്പ ''തൊഴിലാളികളുടെ മദ്ധ്യസ്ഥൻ'' എന്നും, വി. ജോൺപോൾ രണ്ടാമൻ പാപ്പ "വിമോചനത്തിന്റെ രക്ഷാധികാരി" എന്നും "രക്ഷകന്റെ സംരക്ഷകൻ" എന്നുമാണ് വി. യൗസേപ്പിനെ വിശേഷിപ്പിച്ചത്.

ദാവീദിന്റെ ഗോത്രത്തിൽ ജനിച്ച യൗസേപ്പിന്റെ പിതാവിന്റെ പേര് യാക്കോബ് എന്നും (മത്തായി 1 : 16) ഹേലി എന്നു (ലൂക്ക 3 : 23) മാണ് സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. 'യോസെഫ്' എന്ന ഹെബ്രായ ഭാഷയിലുള്ള നാമത്തിൽ നിന്നാണ് ജോസഫ്, യൗസേപ്പ്, ഒസേപ്പ്, ജോസ്, ഔസോ- എന്നീ പേരുകൾ ഉത്ഭവിച്ചത്. 'യോസെഫ്' എന്ന വാക്കിന്റെ അർത്ഥം വളരുക, വർദ്ധിപ്പിക്കുക, വളർത്തുക, കൂട്ടിച്ചേർക്കുക, വിപുലീകരിക്കുക- എന്നൊക്കെയാണ്. ബൈബിളിൽ വി. യൗസേപ്പിതാവ് ഉൾപ്പെടെ 9 പേർക്ക് ജോസഫ് എന്ന പേരുണ്ട്. ദാവീദിന്റെ വംശത്തിലെ സാധാരണ കുടുംബത്തിൽ ജനിച്ച യൗസേപ്പിന്റെ തൊഴിൽ മരപ്പണി (മാർക്കോ 6 : 3, മത്തായി 13 : 55) ആയിരുന്നു. നസ്രത്തിൽ യൗസേപ്പ് തച്ചവേല ചെയ്തിരുന്ന സ്ഥലത്ത് 'യേശുവിന്റെ വളർത്തുപിതാവിന്റെ പള്ളി' എന്ന പേരിൽ ഒരു ദേവാലയം സ്ഥാപിച്ചിട്ടുണ്ട്. യൊസേപ്പിന്റെ ജ്യേഷ്ഠസഹോദരനായിരുന്നു ക്ലെയോഫാസ് എന്ന അൽഫേയൂസ്. അൽഫേയൂസിന്റെ ഭാര്യയായ മറിയം പരിശുദ്ധ കന്യകാമറിയത്തിന്റെ ബന്ധുവാണ്. അവരുടെ മക്കളാണ് ജോസഫ്, ശിമയോൻ, യൂദാ തദേവൂസ്, യാക്കോബ്- എന്നിവർ. യൗസേപ്പിന്റെ മാതാപിതാക്കൾ ചെറുപ്പത്തിലെ മരിച്ചുപോയിരുന്നു. വലിയ ഭക്തനും നാസീർ വ്രതക്കാരനുമായിരുന്ന യൗസേപ്പ് യഹൂദാചാരങ്ങൾ വളരെ കർശനമായി പാലിച്ചിരുന്നു. നാസീർ വ്രതക്കാർ വിവാഹം കഴിച്ചിരുന്നില്ല. യേശുവിന്റെ ശിഷ്യഗണത്തിൽപ്പെട്ട ചെറിയ യാക്കോബും തോമസും ഈ വ്രതം അനുഷ്ഠിച്ചവരായിരുന്നു. യൗസേപ്പിന്റെയും മറിയത്തിന്റെയും വിവാഹനിശ്ചയത്തെക്കുറിച്ചുള്ള ഒരു പ്രധാന പാരമ്പര്യം ഇപ്രകാരമായിരുന്നു. മൂന്നാം വയസ്സിൽ ദേവാലയത്തിൽ സമർപ്പിക്കപ്പെട്ട പരിശുദ്ധ കന്യകാമറിയത്തിന്റെ ചെറു

ഷകാലത്ത് തന്നെ മാതാപിതാക്കളായ അന്നായും യൊവാക്കിമും മരണമടഞ്ഞു. ദൈവാലയത്തിൽ സമർപ്പിക്കപ്പെട്ട പെൺകുട്ടികൾക്ക് 12 വയസ്സായാൽ അവിടെ തമാസിക്കാൻ പാടില്ല എന്നാണ് നിയമം. യഹൂദ നിയമപ്രകാരം 12 വയസ്സിലാണ് പെൺകുട്ടികൾക്ക് പ്രായപൂർത്തിയാകുന്നത്. 14 വയസ്സു തികയുന്ന പെൺകുട്ടികൾക്ക് വിവാഹനിശ്ചയം നടത്തണമെന്നാണ് യഹൂദനിയമം. മറിയം ദാവീദുവംശജയായിരുന്നു. മറിയത്തിന്റെ വിവാഹനിശ്ചയം നടത്താൻ തീരുമാനിച്ച പ്രധാന പുരോഹിതൻ ദാവീദിന്റെ വംശത്തിൽപ്പെട്ട അവിവാഹിതരായ എല്ലാ യുവാക്കന്മാരും കയ്യിൽ ഒരു വടിയുമായി ദൈവാലയത്തിൽ എത്തിച്ചേരണമെന്ന് കല്പന പുറപ്പെടുവിച്ചു. സദ്ഗുണ സമ്പന്നയും ദൈവകൃപ നിറഞ്ഞവളുമായ മറിയത്തിന്റെ ഭർത്താവാകാൻ യോഗ്യനായവൻ കൊണ്ടുവരുന്ന വടി പുഷ്പിച്ചു കാണപ്പെടും എന്നായിരുന്നു പ്രധാന പുരോഹിതന് ലഭിച്ച അരുളപ്പാട്. പുരോഹിതന്റെ കല്പന ദൈവദൂതായി കരുതിയിരുന്ന നാസീർ വ്രതക്കാരനായ യൗസേപ്പ് ഉൾപ്പെടെ അനേകർ വടിയുമായി ദൈവാലയത്തിൽ എത്തിച്ചേർന്നിരുന്നു. പ്രധാനപുരോഹിതൻ ഓരോരുത്തരുടെയും വടികൾ വാങ്ങി പ്രാർത്ഥിച്ചു തിരിച്ചു നൽകി. എന്നാൽ യൗസേപ്പ് കൊണ്ടുവന്ന വടി വാങ്ങി പ്രാർത്ഥിച്ചപ്പോൾ അതിൽ അത്ഭുതകരമായി ലില്ലിപ്പൂക്കൾ പുഷ്പിക്കുകയും അതിന്മേൽ ഒരു പ്രാവ് പറന്നു വന്ന് ഇരിക്കുകയും ചെയ്തു. ദാവീദിന്റെ വംശജനും നീതിമാനുമായ ജോസഫായിരിക്കും മറിയത്തിന്റെ ഭർത്താവ് എന്ന് പുരോഹിതൻ പ്രഖ്യാപിച്ചു. സ്വർഗ്ഗീയമായ ഇടപെടലിലൂടെയാണ് യൗസേപ്പിന്റെയും മറിയത്തിന്റെയും വിവാഹ നിശ്ചയം നടന്നത്. ഈ പാരമ്പര്യത്തിൽ നിന്നാണ് വി. യൗസേപ്പിന്റെ ചിത്രങ്ങളിലും രൂപങ്ങളിലും കയ്യിൽ ലില്ലിപ്പൂക്കൾ പുഷ്പിച്ചു നിൽക്കുന്ന വടി പിടിച്ചു നിൽക്കുന്നതായി പ്രാചീനകാലം മുതൽ ചിത്രീകരിച്ചിരിക്കുന്നത്. തുടർന്ന് നസ്രത്തിലെ ഭവനത്തിൽ യൗസേപ്പും മറിയവും പ്രാർത്ഥനയിലും ധ്യാനത്തിലും ആത്മീയ അനുഷ്ഠാനങ്ങളിലുമായി കഴിഞ്ഞു വന്നു.

ആ കാലഘട്ടത്ത് തിരുകുടുംബം ജീവിച്ചിരുന്ന പാലസ്തീനാ പ്രദേശം റോമൻ ആധിപത്യത്തിൻ കീഴിലായിരുന്നു. റോമൻ ചക്രവർത്തിയായിരുന്ന അഗസ്റ്റസ് സീസറിന്റെ സാമന്ത രാജാവായി തദ്ദേശ ഭരണം നടത്തിയിരുന്നത് ഹേറോദേസായിരുന്നു. യൗസേപ്പുമായുള്ള വിവാഹനിശ്ചയ ശേഷം (ലൂക്ക 1 : 27) മറിയം നസ്രത്തിലെ ഭവനത്തിൽ കഴിഞ്ഞു വരവേയാണ് ദൈവപുത്രൻ തന്നിൽ നിന്ന് ഭൂജാതയാകുമെന്ന മംഗളവാർത്ത ദൈവം അയച്ച ഗബ്രിയേൽ ദൂതൻ വഴി മറിയത്തിന് ലഭിച്ചത് (ലൂക്ക 1 : 28 – 38). മത്തായിയുടെ സുവിശേഷം 1 : 1 –17 ൽ യേശുവിന്റെ വംശാവലി രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ 16 – 17 വാക്യങ്ങളിൽ യേശുവിന്റെ വംശാവലി രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ 16–17 വാക്യങ്ങളിൽ നാം ഇപ്രകാരം വായിക്കുന്നു: "യാക്കോബ്, മറിയത്തിന്റെ ഭർത്താവായ ജോസഫിന്റെ പിതാവ്; മറിയമിൽ നിന്ന് ക്രിസ്തു എന്നു വിളിക്കപ്പെടുന്ന യേശു ജനിച്ചു. അങ്ങനെ അബ്രാഹം മുതൽ ദാവീദ് വരെ ആകെ പതിനാലു തലമുറ, ദാവീദ് മുതൽ ബാബിലോൺ പ്രവാസം വരെ പതിനാലു തലമുറ, ബാബിലോൺ പ്രവാസം മുതൽ ക്രിസ്തു വരെ പതിനാലു തലമുറ." രക്ഷാകര ചരിത്രത്തിലെ മഹാ വെളിപാടുകളിൽ ഒന്നാണ് ഈ തിരുവചനഭാഗം. ലൂക്കായുടെ സുവിശേഷം 3 : 23 – 38 ലും യേശുവിന്റെ വംശാവലി രേഖപ്പെടുത്തിയിട്ടുണ്ട്. ലൂക്ക 3 : 23 ൽ ഇപ്രകാരം എഴുതിയിരിക്കുന്നു : "തന്റെ പ്രവർത്തനം ആരംഭിക്കുമ്പോൾ യേശുവിന് ഏതാണ്ട് 30 വയസ്സ് ആയിരുന്നു. യോസഫ് ഹെലിയുടെ പുത്രൻ." യേശുവിന്റെ ജനനത്തെക്കുറിച്ച് മത്തായി 1 : 18 ൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു : "യേശുക്രിസ്തുവിന്റെ ജനനം ഇപ്രകാരമായിരുന്നു. അവന്റെ അമ്മയായ മറിയം, യോസഫിനു പ്രതിശ്രുത വധുവായിരിക്കെ, അവർ സഹവസിക്കും മുമ്പ്, പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി കാണപ്പെട്ടു." ദൈവദൂതന്റെ നിർദ്ദേശപ്രകാരം താൻ ദൈവപുത്രന്റെ മാതാവാകാൻ പോകുന്ന കാര്യം മറിയം യൗസേപ്പിനെ അറിയിച്ചിരുന്നില്ല. മറിയം താൻ അറി

യാതെ ഗർഭിണിയായി എന്ന വിവരം അറിഞ്ഞ യൗസേപ്പ് ഏറെ വേദനിച്ചു. മറിയത്തെ അദ്ദേഹം രഹസ്യമായി ഉപേക്ഷിക്കാൻ തീരുമാനിച്ചു. തുടർന്ന് മത്തായിയുടെ സുവിശേഷത്തിൽ 1 : 19 - 25 ൽ ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട് : "അവളുടെ ഭർത്താവായ യോസേഫ് നീതിമാനായിരുന്നു; അവളെ അപഹാസ്യയാക്കാൻ അയാൾക്കു മനസ്സു വന്നതുമില്ല. തന്മൂലം അവളെ രഹസ്യമായി ഉപേക്ഷിക്കാൻ അയാൾ തീരുമാനിച്ചു. അയാൾ ഇക്കാര്യം ആലോചിച്ചുകൊണ്ടിരിക്കെ, ഇതാ കർത്താവിന്റെ മാലാഖ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് ഇങ്ങനെ പറയുന്നു : "ദാവീദിന്റെ പുത്രനായ യോസേഫേ, മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ ശങ്കിക്കേണ്ട. അവൾ ഗർഭിണിയായിരിക്കുന്നതു പരിശുദ്ധാത്മാവിൽ നിന്നാണ്. അവൾ ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്നു പേരു വിളിക്കണം. കാരണം, അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിക്കും." ഇവയെല്ലാം സംഭവിച്ചത് കർത്താവു പ്രവാചകനിലൂടെ അരുൾചെയ്തതു നിറവേറാൻ വേണ്ടിയാണ്. 'കണ്ടാലും, കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവന്റെ പേര് 'എമ്മാനുവേൽ' എന്ന് ആയിരിക്കും. (ഈ വാക്കിന് "ദൈവം നമ്മോടുകൂടെ" എന്ന് അർത്ഥം). യോസേഫ് ഉറക്കമുണർന്നു; കർത്താവിന്റെ മാലാഖ കൽപ്പിച്ചതുപോലെ പ്രവർത്തിച്ചു. അയാൾ ഭാര്യയെ സ്വീകരിച്ചു. എന്നാൽ പുത്രനെ പ്രസവിക്കും വരെ അവളുമായി അയാൾ സംഗമിച്ചില്ല. അയാൾ അവനെ യേശു എന്നു പേരു വിളിച്ചു." ഇതാണ് യൗസേപ്പിനു ലഭിച്ച ദൈവദൂതന്റെ ആദ്യ ദർശനം. നിദ്രയിൽ നിന്ന് ഉണർന്ന യൗസേപ്പ് തനിക്ക് ലഭിച്ച ദൈവദൂതന്റെ ദർശനത്തെ കുറിച്ച് മറിയത്തെ അറിയിച്ചു. തന്റെ സംശയങ്ങൾ നീങ്ങിയ യൗസേപ്പ് മറിയത്തെ സ്വീകരിച്ചു. തുടർന്ന് അവരുടെ വിവാഹം നടന്നു. മറിയത്തിന്റെയും ദൈവപുത്രന്റെയും സംരക്ഷകനായിരുന്ന യൗസേപ്പ് തുടർന്ന് ദൈവിക വെളിപ്പെടുത്തലനുസരിച്ച് ഒരു വിരക്തജീവിതമാണ് നയിച്ചത്. ദൈവിക പദ്ധതിയനുസരിച്ച് അവരുടേത് ഒരു പ്രത്യേക തരത്തിലുള്ള വിവാഹ ബന്ധമായിരുന്നു. ദൈവപുത്രന്റെ വളർത്തു പിതാവും സംരക്ഷകനും എന്ന ഉന്നതനിലയ്ക്ക് തന്നെ യോഗ്യനാക്കിയ സർവ്വശക്തന് നന്ദിയർപ്പിച്ചു. മറിയത്തിന്റെ തിരുഉദരത്തിൽ ഉത്ഭവിച്ചത്ദൈവപുത്രനാണെന്ന് ആദ്യം മനസ്സിലാക്കിയില്ലെങ്കിലും അന്നത്തെ കർശനമായ യഹൂദ നിയമങ്ങൾക്ക് വിട്ടുകൊടുക്കാതെ മറിയത്തെ രഹസ്യമായി ഉപേക്ഷിക്കാൻ തീരുമാനിച്ച യൗസേപ്പിനെ മത്തായിയുടെ സുവിശേഷത്തിൽ 'നീതിമാൻ' എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്.

ദൈവപുത്രന് ഭൂമിയിൽ ജാതനാകാൻ സർവ്വശക്തൻ അനാദിയിലെ തെരഞ്ഞെടുത്തത് പരിശുദ്ധയും അമലോത്ഭവയുമായ കന്യകാമറിയത്തെയാണ്. അതുപോലെ രക്ഷാകര പദ്ധതിയിൽ ദൈവപുത്രന്റെയും ദൈവമാതാവിന്റെയും ഭൂമിയിലെ സംരക്ഷകനായി സ്വർഗ്ഗത്തിൽ നിന്ന് തെരഞ്ഞെടുത്തത് പാവന ജീവിതത്തിന് ഉടമയായിരുന്ന ദാവീദു വംശജനായ വി. യൗസേപ്പിനെയാണ്. യേശുവിന്റെ ഭൗമികപിതാവ് എന്നതാണ് യൗസേപ്പിന്റെ പ്രാധാന്യവും പ്രസക്തിയും. യേശുവിനെ ശരീരത്തിൽ സ്വീകരിച്ച് ജന്മംനൽകിയ മറിയം ദൈവമാതാവാകുന്നു. മറിയത്തിന്റെ ഭർത്താവ് എന്ന നിലയിലാണ് യൗസേപ്പ്, യേശുവിന്റെ ഭൗമിക പിതാവായി മാറുന്നത്. മറിയത്തെ ഭാര്യയായി സ്വീകരിച്ച യൗസേപ്പ് അവളുടെ പുത്രനെയും സ്വീകരിച്ചു. ഇതുവഴി അദ്ദേഹം യേശുവിനെ ദത്തെടുക്കുന്നു. ഈ ദത്തെടുക്കൽ യേശുവിന്റെ ഭൗമികമായ പിതൃത്വം യൗസേപ്പിനു നൽകുന്നു. യൗസേപ്പിലൂടെയാണ് യേശു ദാവീദിന്റെ പുത്രനായി അറിയപ്പെടുന്നത്. യേശുവിന്റെ നിയോഗിക്കപ്പെട്ട പിതാവ്, ദത്തുപിതാവ്, നിയമാനുസൃത പിതാവ്, വളർത്തു പിതാവ്, കന്യകാ പിതാവ്- എന്നൊക്കെയാണ് യൗസേപ്പ് വാഴ്ത്തപ്പെടുന്നത്. രക്ഷാകരപദ്ധതിയിൽ മറിയം കഴിഞ്ഞാൽ പ്രധാന വ്യക്തി യൗസേപ്പാണ്. മറിയത്തോടൊപ്പം സ്വർഗ്ഗീയ രഹസ്യങ്ങളുടെ കാവൽക്കാരനായ യൗസേപ്പ് സർവ്വശക്തന്റെ വെളിപാടനുസരിച്ച് ദൈവഹിതപ്രകാരം ജീവിക്കുകയും ക്രിസ്തുവിലുള്ള പങ്കുചേരലിൽ മറിയവുമായി ചേർന്ന് തുല്യസ്ഥാനം വഹിക്കുകയും ചെയ്തു. ഉന്നതങ്ങളിൽ നിന്നു ലഭിച്ച സന്ദേശമനുസരിച്ച് യൗസേപ്പ് യേശുവിന്റെ

ദൈവത്വത്തെയും ദൗത്യത്തെയും സേവിക്കാനും സംരക്ഷിക്കാനും ദൈവത്താൽ പ്രത്യേകം നിയോഗിക്കപ്പെട്ടവനായിരുന്നു. സ്വർഗ്ഗീയപദ്ധതിയനുസരിച്ച് യൗസേപ്പ് രക്ഷകന്റെ സംരക്ഷകനും മാനുഷികാഭിപ്രായത്തിൽ യേശുവിന്റെ ഭൗമിക പിതാവുമാണ്. മറിയത്തിന്റെ സ്വർഗ്ഗീയ മാതൃത്വ രഹസ്യത്തെ ദൈവദൂതൻ യൗസേപ്പിനെ ഭരമേൽപ്പിച്ചു. യൗസേപ്പിന്റെ ദാമ്പത്യ സ്നേഹത്തിന്റെ ഉറവിടം പരിശുദ്ധാത്മാവായിരുന്നു. യൗസേപ്പിന്റെ ജീവിതത്തിന്റെയും ദൗത്യത്തിന്റെയും വിശുദ്ധിയുടെയും പരമമായ ലക്ഷ്യം ദിവ്യരക്ഷകനായ യേശുവാണ്. പരിത്രാണ കർമ്മത്തിൽ യേശുവും മറിയവും കഴിഞ്ഞാൽ മൂന്നാം സ്ഥാനമാണ് യൗസേപ്പിനുള്ളത്. ഒരു സ്വകാര്യ വെളിപാടിൽ യേശു വെളിപ്പെടുത്തിയത് യൗസേപ്പ് സഹരക്ഷകനാണ് എന്നാണ്. ദൈവവും രക്ഷകനുമായ യേശുക്രിസ്തുവിനെ നാം ഹൃദയം തുറന്ന് ആരാധിക്കുമ്പോൾ മറിയത്തെയും യൗസേപ്പിനെയും സവിശേഷമായ വിധത്തിൽ ആദരിക്കുകയും ബഹുമാനിക്കുകയുമാണ് ചെയ്യുന്നത്. സഭാപണ്ഡിതന്മാർ മറിയത്തോടുള്ള ബഹുമാനത്തിനു നൽകുന്ന നാമം 'ഉപരിവണക്കം' എന്നും മറ്റ് വിശുദ്ധർക്കു നൽകുന്ന ബഹുമാനം 'വണക്കം' എന്നുമാണ്.

യൗസേപ്പും ഗർഭിണിയായ മറിയവും നസ്രത്തിൽ വസിക്കുമ്പോഴാണ് തന്റെ കീഴിലുള്ള ജനങ്ങൾ ഓരോരുത്തരും അവരവരുടെ ഗോത്രത്തലവന്മാരുടെ ദേശത്ത് പോയി പേരു ചേർക്കണമെന്ന റോമാ ചക്രവർത്തിയുടെ കല്പന വന്നത്. ദാവീദിന്റെ വംശത്തിൽപ്പെട്ട യൗസേപ്പിനും മറിയത്തിനും ദാവീദിന്റെ പട്ടണമായ ബെത്‌ലഹേമിൽ പേര് നൽകാൻ പോകേണ്ടി വന്നു. നസ്രത്തിൽ നിന്ന് 152 കിലോമീറ്റർ ദൂരമുണ്ട് 'അപ്പത്തിന്റെ ഭവനം' എന്നറിയപ്പെടുന്ന ബെത്‌ലഹേമിലേക്ക്. പൂർണ്ണ ഗർഭിണിയായ മറിയത്തെയും കൊണ്ട് അത്രയും ദൂരം സഞ്ചരിക്കുന്നത് ഏറെ ദുഷ്കരമായിരുന്നു എങ്കിലും രാജകല്പന എല്ലാവരും കർശനമായി അനുസരിക്കണം എന്നാണു നിയമം. യേശുവിന്റെ ജനനത്തെക്കുറിച്ച് ലൂക്കയുടെ സുവിശേഷത്തിൽ 2:1-7 ൽ ഇപ്രകാരം എഴുതിയിട്ടുണ്ട് : "ആ കാലത്ത്, ലോകത്തെങ്ങും ജനങ്ങൾ ജനസംഖ്യ കണക്കിൽ പേരെഴുതിക്കണമെന്ന് അഗസ്റ്റസ് സീസറിൽ നിന്ന് കല്പന പുറപ്പെടുവിച്ചു. കുറേന്യാസ്, സിറിയയിലെ ദേശാധികാരിയായിരിക്കുമ്പോഴാണ് ഒന്നാമത്തെ ഈ പേരെഴുത്തു നടന്നത്. എല്ലാവരും സ്വനഗരങ്ങളിൽ പേരെഴുതിക്കാൻ പോയി. ജോസഫും ഗലീലിയിലെ നഗരമായ നസ്രത്തിൽ നിന്ന് യൂദായിലെ ബേത്‌ലഹേം എന്നു പേരുള്ള ദാവീദിന്റെ നഗരത്തിലേക്കു ഗർഭിണിയായ, പ്രതിശ്രുത വധു മറിയത്തോടുകൂടി പേരെഴുതിക്കാൻ പോയി. കാരണം, അയാൾ ദാവീദിന്റെ ഭവനത്തിലും വംശത്തിലും പെട്ടവനായിരുന്നു. അവിടെ വച്ച് അവൾക്കു പ്രസവ സമയമായി. അവൾ തന്റെ കടിഞ്ഞൂൽ പുത്രനെ പ്രസവിച്ചു. ശിശുവിനെ ശീലകളിൽ പൊതിഞ്ഞ് ഒരു പുൽത്തൊട്ടിയിൽ കിടത്തി. നസ്രത്തിൽ അവർക്കു സ്ഥലം കിട്ടിയിരുന്നില്ല." അവർക്ക് സത്രത്തിൽ ഇടം കിട്ടാത്തതിനാൽ പട്ടണത്തിനു പുറത്തുള്ള മലഞ്ചെരുവിലെ കന്നുകാലികളെ കെട്ടിയിരുന്ന ഒരു ഗുഹയിലാണ് മറിയം ദൈവപുത്രനായ ഈശോയെ പ്രസവിച്ചത്. ദൈവദൂതന്റെ സന്ദേശം അനുസരിച്ച് ആ പ്രദേശത്തെ പുറം വയലുകളിലും വെളിമ്പ്രദേശത്തും ഉണ്ടായിരുന്ന പാവപ്പെട്ടവരായ ആട്ടിടയന്മാർ ഉണ്ണീശോയെ വന്നു കണ്ടു ആരാധിച്ചു. യഹൂദ നിയമപ്രകാരം ആൺകുട്ടി ജനിച്ച് 8-ാം ദിവസം പരിച്ഛേദനം നടത്തി പേരു നൽകണം. അവനെ ഗർഭം ധരിക്കും മുമ്പ് മാലാഖ നിർദ്ദേശിച്ച 'യേശു' എന്ന നാമം അവനു നൽകി." ഉണ്ണീശോയുടെ ജനനത്തിന്റെ നാല്പതാം നാൾ മറിയത്തിന്റെ ശുദ്ധീകരണ ദിനത്തിൽ അവർ യേശുവിനെ ദൈവാലയത്തിൽ കൊണ്ടുപോയി ദൈവത്തിനു സമർപ്പിച്ചു. ലൂക്ക 2 : 22 ൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു : "മോശയുടെ നിയമമനുസരിച്ച് തങ്ങളുടെ ശുദ്ധീകരണത്തിനുള്ള സമയം വന്നപ്പോൾ അവനെ കർത്താവിനു സമർപ്പിക്കാൻ അവർ ജറുസലേമിലേക്കു കൊണ്ടുവന്നു." അപ്പോൾ ദൈവാലയത്തിലുണ്ടായിരുന്ന ശിമയോനും അന്നായും ദൈവപുത്രനെ തിരിച്ചറിഞ്ഞ് വാഴ്ത്തി സ്തുതിച്ചു.

*(തുടരും)*

**ജോസഫ് ജൂഡ്**
വൈസ് പ്രസിഡന്റ്, KRLCC



# കോവിഡിന്റെ പശ്ചാത്തലത്തിൽ ഇടവകയിലെ സാമൂഹിക നേതൃത്വം

**ദൈവസ്നേഹം മനുഷ്യസമൂഹങ്ങളിൽ നമ്മുടെ സാന്നിധ്യം ചൈതന്യവത്താക്കുന്നു**

ദൈവം നമ്മെ സ്നേഹിക്കുന്നു. ദൈവം നമ്മെ സ്നേഹിച്ച അതേ സ്നേഹത്താൽ മനുഷ്യസമൂഹങ്ങളിൽ നമ്മുടെ സാന്നിധ്യം ചൈതന്യവത്താകണം. ദൈവം നമ്മെ ഉപാധികളില്ലാത്ത സ്നേഹത്താൽ ആശ്ലേഷിച്ചതുപോലെ ദൈവം മനുഷ്യരിലേക്കിറങ്ങിയ അതേ വികാരത്തിൽ, സ്വന്തം സ്നേഹത്താൽ മനുഷ്യസമൂഹത്തിന് ക്രിസ്തുവിന്റെ മുഖത്തെ കൂടുതൽ പ്രകാശത്തോടെ പ്രതിഫലിപ്പിക്കാൻ നമുക്ക് കഴിയണം. ദരിദ്രരോടുള്ള സ്നേഹം ഓരോ കാലത്തും ക്രൈസ്തവരെ തിരിച്ചറിയാനുള്ള അടയാളമായിരിക്കണം. ദരിദ്രരോടുള്ള സ്നേഹം സംബന്ധിച്ച നമുക്കുള്ള മാതൃക ക്രിസ്തുതന്നെയാണ്. ദരിദ്രർ കേവലം ധർമ്മദാനം മാത്രമല്ല ആഗ്രഹിക്കുന്നത്. മറിച്ച് അവർക്ക് നീതികിട്ടാൻ അർഹതയുണ്ട്. "നമ്മുടെ കാലഘട്ടത്തിലെ മനുഷ്യരുടെ സന്തോഷവും പ്രത്യാശയും അവരുടെ ദുഖവും തീവ്രവേദനയും, പ്രത്യേകിച്ച് ദരിദ്രരോ ഏതെങ്കിലും തരത്തിൽ പീഡിതരോ ആയവരുടെ ദ:ുഖം കിസ്തുവിന്റെ അനുഗാമികളെന്ന നിലയിൽ നാമോരുരുത്തരുടെയും സന്തോഷവും പ്രത്യാശയും ദു:ഖവും തീവ്രവേദനയുമാണ്."

(കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം, 2415).

സമകാലിക സാമൂഹിക സാമ്പത്തിക യാഥാർഥ്യങ്ങൾ മനസ്സിലാക്കി ദരിദ്രരുയേും പാർശ്വവല്ക്കരിക്കപ്പെടുന്നവരുടേയും അതുവഴി സമൂഹത്തിന്റെയും സമഗ്രവികസനം ലക്ഷ്യമാക്കുന്ന ഇടപെടലുകളും പ്രവർത്തനങ്ങളും അനിവാര്യമാവുകയാണ്. ഫ്രാൻസിസ് പാപ്പ ആശങ്കപ്പെടുന്നതുപോലെ ജിവിക്കാൻവേണ്ടി സമരം ചെയ്യേണ്ട അവസ്ഥയാണിന്ന് നമുക്ക് ചുറ്റിലും, അതും വലിയ ശ്രേഷ്ഠതയതൊന്നുമില്ലാതെ ജീവിക്കാൻ. അജ്ഞാതമായ അധികാരകേന്ദ്രത്തിന്റെ പുത്തൻ രൂപങ്ങളും അവയുടെ ഉറവിടങ്ങളും നമ്മെ വരിഞ്ഞ് മുറുക്കുകയാണ്. (സുവിശേഷത്തിന്റെ സന്തോഷം, 52). ഇന്നത്തെ ലോകത്തിൽ, നമുക്കു ചുറ്റിലുമുള്ള പരിതസ്ഥികളിൽ ക്രൈസ്തവ വിശ്വാസികളെന്ന നിലയിൽ വ്യതിരക്തമായ ദൗത്യവും ശുശ്രൂഷയും തിരിച്ചറിയുക എന്നതു പ്രധാനപ്പെട്ടതാണ്. കർത്താവിന്റെ മുന്തിരിത്തോപ്പിൽ അദ്ധ്വാനിക്കുന്ന (മത്താ 20:116) നമ്മുടെ ക്രിസ്തുശിഷ്യത്വത്തിന്റെ അടിസ്ഥാന സവിശേഷത അത് ലോകത്തിൽതന്നെ നിർവ്വഹിക്കപ്പെടുന്നു എന്നതാണ്. ഭൗതീകകാര്യങ്ങളിൽ യഥേഷ്ടം വ്യാപരിച്ചുകൊണ്ടും അവയെ ദൈവേഷ്ടമനുസരിച്ചു നയിച്ചുകൊും ദൈവരാജ്യം അന്വേഷിക്കുകയെന്നതാണ് നമ്മുടെ കടമ. ലോകത്തിൽ ലൗകിക കാര്യങ്ങളുടെ മധ്യേജീവിക്കുക എന്നത് അല്മായ ജീവിതാവസ്ഥയുടെ സവിശേഷതയാണ്. അതുകൊണ്ട്, അല്മായർ തങ്ങളുടെ ക്രൈസ്തവ ചൈതന്യത്തിന്റെ കരുത്തിലൂടെ ലോകത്തിലെ പുളിമാവ് ആയിരിക്കാൻ ദൈവത്താൽ വിളിക്കപ്പെട്ടിരിക്കുന്നു. ഈ ദൈവവിളിക്ക് ക്രീയാന്മകമായ പ്രത്യുത്തരം നല്കുകയെന്നത് അല്മായരുടെ

ദൗത്യമാണ്.

**ജീവിക്കുന്ന സമൂഹം ക്രിസ്തീയ ചൈതന്യത്തിൽ രൂപപ്പെടണം**

തങ്ങൾ ജീവിക്കുന്ന സമൂഹത്തിന്റെ ചിന്തയും പ്രവർത്തനരീതികളും നിയമങ്ങളും സംവിധാനങ്ങളും ക്രിസ്തീയ ചൈതന്യത്തിൽ രൂപപ്പെടുത്താനും ക്രമപ്പെടുത്താനും അല്മായർക്ക് കടമയും ചുമതലയുമുണ്ട്. ഈ പരിശ്രമങ്ങളിൽ മറ്റാർക്കും ഒരിക്കലും യഥാർഹം ഇടപെടാനാവില്ലെന്ന് അല്മായപ്രേഷിത പ്രവർത്തനത്തെ സംബന്ധിച്ച പ്രമാണരേഖ വ്യക്തമാക്കുന്നു. ലോകം മുഴുവനുമുള്ള സകല ജനങ്ങൾക്കും രക്ഷയുടെ ദൈവിക സന്ദേശം നല്കുന്നതിന് യത്നിക്കാൻ എല്ലാ ക്രിസ്തീയ വിശ്വാസികൾക്കും കടമയും അവകാശവുമു് സാമൂഹിക നീതി ഉറപ്പുവരുത്താനും, പാവങ്ങളെ സഹായിക്കുന്നതിനും തങ്ങളുടെ വിഭവശേഷി പങ്കുവയ്ക്കുന്നതിനും അല്മായ വിശ്വാസികൾക്കു കടമയുണ്ട ശരിയായ ക്രിസ്തീയ ജീവിതത്തിന്റെ ഉറവയിൽനിന്ന് സമൃദ്ധമായൊഴുകുന്ന വ്യക്തിപരമായ പ്രേഷിതജോലി (യോഹ 4:14) അല്മായ പ്രേഷിതത്വത്തിന്റെ, സംഘടിത പ്രേഷിതത്വത്തിന്റെ ഉൾപ്പടെ പ്രാരംഭവും അടിസ്ഥാനവുമാണ്. സഭയെ പണിതുയർത്താനും ലോകത്തെ വിശുദ്ധീകരിക്കാനും മിശിഹായിൽ ചൈതന്യപൂർണമാക്കാനുമുതകുന്ന അനേകം പ്രവർത്തനമേഖലകൾ നമുക്ക് മുന്നിലു് (അല്മായ പ്രേഷിതതം 16).

ക്രിസ്തീയവിശ്വാസികൾ വ്യക്തികളെന്ന നിലയിൽ തങ്ങളുടെ വൈവിധ്യമാർന്ന ജീവിതപരിതസ്ഥികളിൽ പ്രേഷിതപ്രവൃത്തി അനുവർത്തിക്കാൻ വിളിക്കപ്പെട്ടവരാണ്. ആധുനികപരിതസ്ഥികളിൽ അല്മായരുടെ പ്രവർത്തനരംഗത്ത് സംഘടിതവും ക്രമവത്കൃതവുമായ പ്രേഷിത പ്രവർത്തനരീതി ശക്തമാക്കേണ്ടത് ഈ കാലത്തിന്റെ ആവശ്യമായി മാറിയിരിക്കുന്നു. (അല്മായപ്രേഷിതതം 19). സമകാലിക സാംസ്ക്കാരിക സാമൂഹികപ്രശ്നങ്ങൾ, സർവോപരി, അൽമായരുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ അൽമായരുടെ പ്രവർത്തനങ്ങളിൽ സംഘടിതവും ക്രമീകൃതവുമായ പ്രേഷിതപ്രവർത്തനം ശക്തമാക്കപ്പെടേത് ഇന്നിന്റെ അനിവാര്യതയായിത്തീർന്നിരിക്കുന്നു. കത്തോലിക്ക സംഘടനകളുടെ സുപ്രധാനലക്ഷ്യം സഭയുടെ പ്രേഷിത ലക്ഷ്യം തന്നെയാണ്. അതായത് സുവിശേഷം പ്രചരിപ്പിക്കുക, മനുഷ്യരെ വിശുദ്ധീകരിക്കുക, അവരിൽ ക്രിസ്തീയവീക്ഷണം സൃഷ്ടിക്കുക; അതുവഴി സുവിശേഷ ചൈതന്യം വിവിധ സമൂഹങ്ങളിലേക്കും സാഹചര്യങ്ങളിലേക്കും പ്രസരിപ്പിക്കുക എന്നിവയാണവ. ലോകത്തിലെ സഭയുടെ ക്രൈസ്തവദൗത്യം നിറവേറ്റപ്പെടുന്നതിനുള്ള സാധ്യതകളാണ് നമ്മുടെ സാമൂഹിക ഇടപെടലുകളും സ്ഥാപനങ്ങളും. അതുകൊണ്ടുതന്നെ സമൂഹത്തോട് പ്രതിജ്ഞാബദ്ധതയുള്ളതും സാമൂഹികനീതി ഉറപ്പിക്കുന്നതുമായിരിക്കണം സഭയുടെ പ്രവർത്തനങ്ങളെല്ലാം.

**ദൈവത്തിന്റെ സ്നേഹത്താൽ നീതിക്കുവേണ്ടിയുള്ള സമർപ്പണത്തിൽ സഭ നയിക്കപ്പെടുന്നു**

മനുഷ്യരോടുള്ള ദൈവത്തിന്റെ സ്നേഹത്തെ അനുകരിക്കുന്ന സ്നേഹത്താലാണ് നീതിക്കുവേണ്ടിയുള്ള സമർപ്പണത്തിൽ സഭ നയിക്കപ്പെടുന്നത്. ദൈവമക്കളെന്ന നിലയിൽ എല്ലാ മനുഷ്യർക്കും കൈവരുന്ന അനന്യമായ മഹത്വം സാമൂഹിക മണ്ഡലത്തിൽ സംരക്ഷിക്കാനും വളർത്താനും സഭ സ്വയം സമർപ്പിക്കപ്പെട്ടിരിക്കുന്നു. രാഷ്ട്രീയത്തിന്റെയോ സാമ്പത്തീകതയുടെയോ നിയമാനുസൃത സ്വാതന്ത്ര്യം കൈവശപ്പെടുത്താൻ സഭ ശ്രമിക്കുന്നില്ല, എന്നാൽ രാഷ്ട്രീയത്തിലോ സാമ്പത്തീക പ്രവർത്തനത്തിലോ മനുഷ്യമഹത്വം ലംഘിക്കപ്പെടുമ്പോൾ സഭയുടെ ഇടപെടൽ അനിവാര്യമാകുന്നു. (കത്തോലിക്കസഭയുടെ മതബോധന ഗ്രന്ഥം, 2419 2420, 2422, 2423).

സാമൂഹിക ജീവിതത്തെ സംഘടിപ്പിക്കാനും ക്രമപ്പെടുത്താനുമുള്ള രാഷ്ട്രീയ ഇടപെടലുകൾ അല്മായവിശ്വാസികളുടെ ദൗത്യത്തിന്റെ ഭാഗം തന്നെയാണ്. സഹപൗരന്മാർക്കൊപ്പം സ്വയം ഏർപ്പെടുന്ന പ്രവർത്തനമാണിത്. സുവിശേഷ ചൈതന്യത്തിലും സഭയുടെ പ്രബോധനങ്ങൾക്കനുസൃതമായും ഏവരുടെയും പൊതുനന്മയ്ക്കായി

സാമൂഹിക പ്രവർത്തനത്തിലേർപ്പെടാനും സത്യം, നീതി എന്നീ മൂല്യങ്ങളിൽ അടിയുറച്ച് ക്രൈസ്തവികമായ പ്രതിജ്ഞാബദ്ധതയോടെ തങ്ങൾക്കു ചുറ്റിലുള്ള ഭൗതിക സാഹചര്യങ്ങളെ ക്രമപ്പെടുത്താനും വിശ്വാസികൾക്കു ബാധ്യതയുണ്ട്. (കത്തോലിക്കസഭയുടെ മതബോധന ഗ്രന്ഥം, 2442). കേവലം അധികാര നിർവ്വഹണത്തിലെ പങ്കുചേരൽ മാത്രമല്ല, നീതിയുടെ നിറവേറ്റലാണ് ക്രൈസ്തവ വിശ്വാസികളെ സംബന്ധിച്ച് പൊതുപ്രവർത്തനം. നമ്മുടെ പൊതുപ്രവർത്തനത്തിന്റെ അടിസ്ഥാനവും സ്വഭാവും പ്രധാനമാണ്, പരിഗണനയും. ദരിദ്രനായിത്തീരുകയും എപ്പോഴും ദരിദ്രരോടും പാർശ്വവല്ക്കരിക്കപ്പെട്ടവരോടും ഐക്യപ്പെട്ട ക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസമാണ് സമൂഹത്തിൽ ഏറ്റവും അവഗണിക്കപ്പെട്ടവരുടെ സമഗ്ര വികസനത്തിനു വേണ്ടിയുള്ള നമ്മുടെ പ്രവർത്തനങ്ങളുടെ അടിസ്ഥാനം.

ആരാണ് ദരിദ്രൻ? ദാരിദ്ര്യം എന്നത് ഇന്നത്തെ സാഹചര്യത്തിൽ പുനർനിർവ്വചിക്കപ്പെട്ട സംജ്ഞയാണ്. മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവ നിഷേധിക്കപ്പെടുന്ന സാഹചര്യത്തെ ദാരിദ്ര്യം എന്നു കരുതിയിരുന്നു. ഭൂമിയും വെള്ളവും കൂടി നിഷേധിക്കപ്പെടുമ്പോൾ അത് പൂർണ്ണദാരിദ്ര്യമാവുന്നു (absoloute poverty). ദാരിദ്ര്യസാഹചര്യങ്ങളെ വിപുലപ്പെടുത്തുമ്പോൾ താഴെ പറയുന്ന വസ്തുതകളും ഉൾപ്പെടുത്തേി വരുന്നു. തൊഴിൽ ചെയ്യുവാനുള്ള ഒരാളുടെ അവകാശത്തെ നിഷേധിക്കുന്നതും തൊഴിലിന്റെ തൃപ്തികരമായ തലങ്ങളിൽ എത്തിച്ചേരാൻ തൊഴിലാളികളെ സഹായിക്കാത്തതുമായ സാഹചര്യങ്ങൾ ദാരിദ്ര്യത്തെ രൂപപ്പെടുത്തുന്നു. ഒരു കുടുംബം രൂപപ്പെടുത്താനും അതിനെ സംരക്ഷിക്കാനും സ്വത്ത് അവകാശപ്പെടുത്താനും ഒരു വ്യക്തിക്ക് തൊഴിൽ അനിവാര്യമാവുന്നു. തൊഴിൽ ഉപാധികൾ ഇല്ലാതിരിക്കുകയും അവ സ്വന്തമാക്കാനുള്ള വരുമാനം ഇല്ലാത്തതുമായ അവസ്ഥയും ദാരിദ്ര്യത്തിന്റെ ലക്ഷണമാണ്. സാമൂഹിക വികസനത്തിന്റെ അവസരങ്ങളിൽ പ്രധാനപ്പെട്ടതാണ് വിദ്യാഭ്യാസം. തങ്ങളുടെ കുട്ടികൾക്ക് വിദ്യാഭ്യാസം നല്കാൻ കഴിയാത്ത അവസ്ഥയും പ്രാപ്തിയില്ലെങ്കിലും കുട്ടകളെ തൊഴിലിലേക്ക് നയിക്കേി വരുന്നതും ദാരിദ്ര്യം മൂലമാണ്. സാമൂഹികവിഭവങ്ങളിലും പൊതുസ്വത്തിലും അർഹമായ അവകാശം ലഭിക്കാത്തതും സാമൂഹിക ജീവിതത്തെ പരിപോഷിപ്പിക്കുന്ന സാഹായക പിന്തുണാ സംവിധാനങ്ങൾ ലഭിക്കാതിരിക്കുക എന്നിവയും ദ്രാരിദ്ര്യത്തിന്റെ സൂചനകളാണ്. ഒരു വ്യക്തിയോ സമൂഹമോ ദാരിദ്ര്യത്തിൽ നിലനില്ക്കുന്നതിന്റെ പ്രധാനകാരണങ്ങൾ സഭാ പ്രബോധനങ്ങൾക്കനുസൃതമായി പരിശോധിക്കപ്പെടേണ്ടതുണ്ട്. വ്യക്തിയുടെ അഥവാ സമൂഹത്തിന്റെ ശക്തികരിക്കപ്പെടാത്ത അവസ്ഥ, വ്യക്തിക്ക് നേരിടേി വരുന്ന അപ്രതീക്ഷിത സാഹചര്യങ്ങളും അവയുടെ ആഘാതങ്ങളും സാമൂഹികമായ ഒറ്റപ്പെടൽ എന്നിവയാണവ. ഒരു വ്യക്തിക്ക് തന്റെ ജീവിതനിലവാരത്തെ മെച്ചപ്പെടുത്താനും പരിപോഷിപ്പിക്കാനും കഴിയുന്നവിധം തീരുമാനങ്ങളെടുക്കാൻ സഹായിക്കാത്ത ആന്മവിശ്വാസത്തിന്റെ കുറവ്, പങ്കാളിത്ത പ്രവർത്തനത്തിലുള്ള വിമുഖത, ധൈര്യക്കുറവ്, സംഘാടകശേഷിയുടെയും നേതൃത്വഗുണങ്ങളുടെയും അപര്യാപ്തത ഇവയൊക്കെ ശക്തീകരിക്കപ്പെടാത്ത മാനുഷീകാവസ്ഥയുടെ ലക്ഷണങ്ങളായി കണക്കാക്കപ്പെടുന്നു.

### ദാരിദ്ര്യത്തിന്റെ ലഘൂകരണം പൊതുപ്രവർത്തനത്തിന്റെ ലക്ഷ്യമാകണം

ഒരു വ്യക്തിയുടെയോ കുടുംബത്തിന്റെയോ ജീവിതസാഹചര്യങ്ങളിൽ ഉണ്ടാവുന്ന അപ്രതീക്ഷീത സംഭവങ്ങളും അവയുടെ ആഘാതവും ദാരിദ്ര്യത്തിൽ ഒരു വ്യക്തിയേയും അവന്റെ കുടുംബത്തേയും നിലനിർത്തുന്ന പ്രധാന യാഥാർത്ഥ്യങ്ങളാണ്. അസുഖം, പെട്ടെന്ന് സംഭവിക്കുന്ന അപകടങ്ങൾ ഇതൊക്കെ സാധാരണക്കാരന്റെ ജീവിതത്തെ പ്രതിസന്ധിയിലാക്കുന്നു, ഇവരുടെ ജീവിതക്രമത്തിന്റെ താളം തെറ്റിക്കുന്നു. സാമൂഹിക ജീവിതസാഹചര്യത്തിൽ ഒറ്റപ്പെടൽ അനുഭവിക്ക

പ്പെടുന്നതാണ് ഏറ്റവും വലിയ ദാരിദ്ര്യമെന്ന് ബനഡിക്ട് 16-ാമൻ പാപ്പ സത്യത്തിൽ സ്നേഹം എന്ന ചാക്രികലേഖനത്തിൽ അഭിപ്രായപ്പെടുന്നുണ്ട്. സമൂഹത്തിൽ ദാരിദ്ര്യം നേരിടുന്നവർ സാമൂഹിക മായി ഒറ്റപ്പെടുന്നു. ദുർബലമായ സാമൂഹികബന്ധ ങ്ങൾ, രാഷ്ട്രീയമായ അവഗണന, വികസനത്തിന്റെ പുറംമ്പോക്കിലേക്കുള്ള അരികുചേരൽ, എന്നിവ യെല്ലാം ഒറ്റപ്പെടലിനുവഴിയൊരുക്കുന്നു. സമൂഹ ത്തിൽ ദാരിദ്ര്യം നേരിടുന്നവർ സാമൂഹികമായി ഒറ്റപ്പെടുന്നു. ദുർബലമായ സാമൂഹിക ബന്ധങ്ങൾ, രാഷ്ട്രീയമായ അവഗണന, വികസനത്തിന്റെ പുറംമ്പോക്കിലേക്കുള്ള അരികുചേരൽ, എന്നിവ യെല്ലാം ഒറ്റപ്പെടലിനു കാരണങ്ങളാകുന്നുണ്ട്. അപര്യാപ്തമായ ഗതാഗതസൗകര്യങ്ങൾ, വാർത്താ വിനിമയസൗകര്യങ്ങൾക്ക് പുറത്താവുന്നത്, സേവനപരമായ സ്ഥാപനങ്ങളുടെ പ്രാപ്യത കുറയുന്നതും അവയുടെ അഭാവവും വ്യക്തിയെയും സമൂഹത്തേയും ഒറ്റപ്പെടലിലേക്കു നയിക്കുന്നു.

ദാരിദ്ര്യത്തിന്റെ ലഘൂകരണ പ്രവർത്തനം പൊതുപ്രവർത്തനത്തിന്റെ ലക്ഷ്യമാകുന്നതെങ്ങി നെയാണ്? പള്ളിക്കെട്ടിടത്തിനുചുറ്റിലും പൊതു പ്രവർത്തനത്തിനിടം തിരയുന്നവർക്ക് നിരാശപ്പെടേ ണ്ടിവരും കാരണം, തെരുവുകളും നഗരത്തിന്റെ പുറംമ്പോക്കുകളും നമ്മെ കാത്തിരിക്കുന്നു. ഫ്രാൻസിസ് പാപ്പ ഓർമിപ്പിക്കുന്നു. ഇന്നത്തെ ആഗോളവ്യവസ്ഥയിൽ അനീതി സമൃദ്ധമാവുന്നു. ജനതയുടെ വലിയൊരു പങ്ക് മൗലീകമായ മാനുഷീകാവകാശങ്ങൾ നിഷേധിക്കപ്പെടുന്ന വരാകുന്നു. അവർ ഉപയോഗിച്ചു തള്ളപ്പെടാനുള്ള വരായി കരുതപ്പെടുമ്പോൾ പൊതുനന്മയെന്ന ആഹ്വാനം യുക്തിപൂർവ്വകവും അനുപേഷണീയവു മായിത്തീരുന്നു. (അങ്ങേയ്ക്ക്സ്തുതി,158). മനുഷ്യവ്യക്തിയെ മനുഷ്യവ്യക്തിയെന്ന നിലയിൽ ആദരിക്കുകയെന്നത് പൊതുനന്മയെന്ന തത്വത്തിന്റെ അടിസ്ഥാനമാണ്. പൊതുനന്മയാണ് പൊതുപ്രവർ ത്തനത്തിന്റെ പരമമായ ലക്ഷ്യവും.

ലോകത്തെ മുഴുവൻ വരിഞ്ഞുമുറുക്കുന്ന കോവിഡ് മഹാമാരി ഈ അതീവ ഗുരുതര സാഹചര്യങ്ങളെ അതീവ ഗുരുതരമാക്കുന്നു. സാമൂഹിക അകലമെന്നത് സുരക്ഷിതമായ ശാരീരിക അകലമാണ്. പക്ഷെ സുരക്ഷിതത്തിന്റെ പേരിൽ സാമൂഹിക അകലം നമ്മെ ഒറ്റപ്പെടലിലേക്ക് നയിക്കുകയാണ്. ശാരീരികം എന്നതിനപ്പുറം മനസ്സുകൊണ്ടും അകലുകയാണ്. ഇതനുവദിച്ചു കൂട. ശാരീരിക അകലം നിലനിർത്തുമ്പോൾ തന്നെ സാമൂഹിക ഐക്യം ദൃഢപ്പെടുത്താൽ ഇടവകയിലെ നേതൃത്വത്തിന്‌റെ ഓരോ തലത്തിലും നമുക്ക് കഴിയണം. പാരസ്പര്യത്തിന്റെയും കരുതലിന്റെയും സ്നേഹ കണ്ണികൾ നമ്മുടെ കുടുംബങ്ങൾ കോർക്കപ്പെടണം.

## ക്രിസ്തുവിന്റെ മുഖം കൂടുതൽ പ്രകാശത്തോടെ പ്രോജ്വലിപ്പിക്കാം

നിസ്സംഗതയുടെ ഒരു ആഗോളീകരണം വികസിച്ചു വന്നിരിക്കുന്നു, സ്വാർഥം നിറഞ്ഞ ക്രമത്തെ ആവേശത്തോടെ നിലനിർത്തുകയാണ് ഈ പ്രവണത. ഇതിനെപ്പറ്റി ബോധവാന്മാരാകാതെ ദരിദ്രരുടെ വിലാപത്തിൽ സഹതാപം തോന്നാൻ കഴിയാത്തവരും, മറ്റുള്ളവരുടെ വേദനയിൽ കരയാനാവത്തവരും അവരെ സഹായിക്കുക ആവശ്യമാണെന്നു തോന്നാത്തവരും ആയി നമ്മൾ മാറിയിരിക്കുന്നു. ഇതെല്ലാം നമ്മുടെ ഉത്തരവാദിത്വത്തിൽ പ്പെട്ടതല്ലെന്നും മറ്റു വല്ലവരുടെയും ഉത്തരവാദിത്വമാണെന്നും നമ്മൾ കരുതുന്നു. സമൃദ്ധിയുടെ സംസ്ക്കാരം നമ്മെ മയക്കത്തിലാക്കിയിരിക്കുന്നു. ഒരു ഉല്പന്നം പുതിയതായി മാർക്കറ്റിലെത്തുമ്പോൾ നമ്മൾ ഉന്മേഷമുള്ളവരാകുന്നു. അതേസമയം അവസരനിഷേധത്താൽ മുരടിക്കുന്ന ജീവിതങ്ങൾ ഒരു വിധത്തിലും നമ്മെ അലോസരപ്പെടുത്താത്ത കേവലം കാഴ്ചകളായിത്തീരുന്നു. ഫാൻസിസ് പാപ്പ ശക്തമായി നമ്മെ ഓർമ്മപ്പെടുത്തുന്നു. (സുവിശേഷത്തിന്റെ സന്തോഷം, 54). അലസത വെടിഞ്ഞ് പൊതുനന്മയ്ക്കായി, ദരിദ്രരോടും പാർശ്വവൽക്കരിക്കപ്പെട്ടവരോട് ഐക്യപ്പെട്ടും പൊതുപ്രവർത്തനമണ്ഡലത്തിൽ നമുക്കും കർമ്മനിരതരാകാം..ക്രിസ്തുവിന്റെ മുഖം കൂടുതൽ പ്രകാശത്തോടെ സമൂഹത്തിൽ പ്രോജ്വലിപ്പിക്കാം!

# വാർത്താജാലകം



## സൗജന്യ ഡയാലിസിസിന് തുക കൈമാറി

തൃശൂർ: വിശുദ്ധ അന്തോണീസിന്റെ തീർത്ഥാടന കേന്ദ്രമായ തൃശൂർ തിരുഹൃദയ ലത്തീൻ പള്ളി വിശുദ്ധ അന്തോണീസിന്റെ ജന്മദിന തിരുനാൾ ആഘോഷങ്ങൾ ഒഴിവാക്കി പണം ഡയാലിസിസിന് കൈമാറി മാതൃകയായി. പറവൂർ ഡോൺ ബോസ്കോ, തൃശൂർ അമല മെഡിക്കൽ കോളജ്, തൃശൂർ ജൂബിലി മെഡിക്കൽ കോളജ് ആശുപത്രികൾക്കാണ് സൗജന്യ ഡയാലിസിസിനായി തുക നല്കിയത്. ഓരോ ആശുപത്രിക്കും ഒരു ലക്ഷം രൂപ വീതം മൂന്നു ലക്ഷം രൂപയുടെ ചെക്കുകൾ തൃശൂർ ഫൊറോന വികാരി കൂടിയായ റെക്ടർ റവ.ഡോ.ആന്റണി അറക്കലിൽ നിന്ന് ആശുപത്രി ഡയറക്ടർമാർ ഏറ്റുവാങ്ങി. വർഷങ്ങളായി വിശുദ്ധ അന്തോണീസിന്റെ ജന്മദിന തിരുനാൾ ആഘോഷങ്ങളെല്ലാം ഒഴിവാക്കി, വിശ്വാസികളിൽ നിന്ന് വിശുദ്ധനുള്ള ജന്മദിന സമ്മാനമായി സ്വരൂപിക്കുന്ന തുക സൗജന്യ ഡയാലിസിസിന് നല്കി കാരുണ്യത്തിന്റെ തിരുനാളായാണ് ഇവിടെ ആഘോഷിക്കുന്നത്.

## ആഘോഷമൊഴിവാക്കി ഭവനം നിർമ്മിച്ചു നൽകി



മാളപള്ളിപ്പുറം : സെന്റ് ആന്റണീസ് തീർത്ഥാടന കേന്ദ്രത്തിൽ വിശുദ്ധ അന്തോണീസിന്റെ ജന്മദിന തിരുനാളോടനുബന്ധിച്ചുള്ള ആഘോഷങ്ങൾ ഒഴിവാക്കി ഇടവകാംഗത്തിന് ഭവനം നിർമ്മിച്ചു നല്കി. ഭവനത്തിന്റെ ആശീർവ്വാദവും താക്കോൽ ദാനവും വികാരി ഫാ.ആന്റണി ചില്ലിട്ടശേരി നിർവ്വഹിച്ചു. നാനൂറ്റി അമ്പത് ചതുരശ്ര അടിയിൽ നിർമ്മിച്ച ഭവനത്തിന് ആഘോഷങ്ങൾ ഒഴിവാക്കിയതിൽ നിന്നു ലഭിച്ച അഞ്ച് ലക്ഷത്തിമുപ്പത്തി അയ്യായിരം രൂപ ചെലവാക്കിയതായി വികാരി ഫാ.ആന്റണി ചില്ലിട്ടശേരി അറിയിച്ചു.

## ഓക്സിജൻ കോൺസെൻട്രേറ്റർ സജ്ജീകരണവും മെഡിക്കൽ കിറ്റ് വിതരണവുമായി കിഡ്സ്

കോട്ടപ്പുറം : കോട്ടപ്പുറം ഇൻറഗ്രേറ്റഡ് ഡെവലപ്മെന്റ് സൊസൈറ്റി (കിഡ്സ്) യുടെ നേതൃത്വത്തിൽ കോട്ടപ്പുറം രൂപതാ തലത്തിൽ അർഹരായ വ്യക്തികൾക്കു മെഡിക്കൽ സേവനം ലഭ്യമാകുന്നതിനായി ഓക്സിജൻ കോൺസെൻട്രേറ്റർ സജ്ജീകാരണവും മെഡിക്കൽ കിറ്റ് വിതരണവും നടത്തി. കോവിഡിന്റെ




സാഹചര്യത്തിൽ ശ്വാസസംബന്ധമായ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന വ്യക്തികൾക്കു ഓക്സിജൻ കോൺസെൻട്രേറ്ററിന്റെ സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഈ പദ്ധതിക്ക് തുടക്കകുറിച്ചത്. ഭാരതകത്തോലിക്ക സഭയുടെ ഔദ്യോഗിക സേവന വിഭാഗമായ കാരിത്താസ് ഇന്ത്യ, കാത്തലിക് മിഷൻ, കേരള സോഷ്യൽ സർവീസ് ഫോറം, കേരള കാത്തലിക് ബിഷപ്പ് കൗൺസിൽ സീറോ മലബാർ എപ്പിയാർക്കി ഓഫ് സെൻറ് തോമസ് അപോസ്റ്റിൽ മെൽബോൺ എന്നിവരുടെ സഹായത്തോടെയാണ് കിഡ്സ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കോട്ടപ്പുറം ബിഷപ്പ് റൈറ്റ്. റവ. ഡോ. ജോസഫ് കരിക്കശ്ശേരി ഉദ്ഘാടനകർമ്മം നിർവഹിച്ചു. കോട്ടപ്പുറം രൂപതാ ചാൻസലർ ബെന്നി വഴക്കൂട്ടത്തിൽ, കിഡ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. പോൾ തോമസ് കളത്തിൽ, അസിസ്റ്റൻറ് ഡയറക്ടർമാരായ ഫാ. നീൽ ജോർജ്ജ് ചടയമുറി, ഫാ. വർഗീസ് കാട്ടാശ്ശേരി മറ്റ് കിഡ്സ് സ്റ്റാഫ് അംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു.



# ഡോൺ ബോസ്കോയിൽ നവീകരിച്ച അത്യാഹിത വിഭാഗം ഉദ്ഘാടനം ചെയ്തു

പറവൂർ ഡോൺ ബോസ്കോ ആശുപത്രിയിൽ അത്യാധുനിക സൗകര്യങ്ങളോടെ നവീകരിച്ച അത്യാഹിത വിഭാഗം എറണാകുളം എം.എൽ.എ ശ്രീ. ടി. ജെ. വിനോദ് നാടിനു സമർപ്പിച്ചു. കോട്ടപ്പുറം ബിഷപ്പ് ഡോ. ജോസഫ് കാരിക്കശ്ശേരി ആശിർവ്വാദ കർമ്മം നടത്തി. ഓൺലൈൻ വെർച്വൽ അസിസ്റ്റന്റ് ലോഞ്ചിങ് മുനിസിപ്പൽ ചെയർപേഴ്സൺ വി.എ. പ്രഭാവതി ടീച്ചർ നിർവ്വഹിച്ചു. കൗൺസിലർ ഇ.ജി. ശശി, ബോർഡ് മെമ്പർ അഡ്വ. റാഫേൽ ആന്റണി, മെഡിക്കൽ സൂപ്രണ്ട് ഡോ. പൗലോസ് മത്തായി, നഴ്സിംഗ് സൂപ്രണ്ട് സിസ്റ്റർ സ്നേഹ ലോറൻസ്, ഡയറക്ടർ ഫാ. റോക്കി റോബി കളത്തിൽ, അസി. ഡയറക്ടർ ഫാ. ക്ലോഡിൻ ബിവേര എന്നിവർ പ്രസംഗിച്ചു. ട്രയാജ് അത്യാഹിത വിഭാഗം നിരീക്ഷണം, അത്യാഹിത വിഭാഗം ഐ.സി.യു., മൈനർ ഓപ്പറേഷൻ തിയ്യറ്റർ, കുത്തിവയ്പു മുറി, ചികിത്സ മുറി, ഡോക്ടറുടെ മുറി, നഴ്സിംഗ് സ്റ്റേഷൻ, കൂട്ടിരിപ്പുകാർക്കുള്ള കാത്തിരിപ്പു സ്ഥലം, സ്റ്റോർ എന്നിവയടങ്ങുന്നതാണ് നവീകരിച്ച അത്യാഹിത വിഭാഗം. ഡോൺ ബോസ്കോ അത്യാഹിതവിഭാഗം നാടിനു സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നടന്ന സമ്മേളനം ടി.ജെ. വിനോദ് എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു.



## ചരിത്രപുസ്തകം പ്രകാശനം ചെയ്തു

വടക്കൻ പറവൂർ സെന്റ് ഡോൺബോസ്കോ ദേവാലയത്തിൽ ഫാദർ ജോഷി മുട്ടിക്കൽ എഴുതിയ അഞ്ചാമത്തെ ചരിത്രപുസ്തകം 'ഹിപ്പാലസ്' പ്രകാശനം ചെയ്തു മുസരീസ്-കോട്ടപ്പുറം കൊടുങ്ങല്ലൂരിന്റെ നേർ ചരിത്രമാണ് ഹിപ്പാലസ്. കോട്ടപ്പുറം രൂപതയുടെ ബിഷപ്പ് ജോസഫ് കാരിക്കശ്ശേരി ആണ് ചരിത്ര പുസ്തകം പ്രകാശനം ചെയ്തത്. ആദ്യ കോപ്പി കോട്ടപ്പുറം രൂപതയുടെ മതബോധന ഡയറക്ടർ ഫാദർ ജോയ് സ്രാമ്പിക്കലിന് നൽകുകയും ചെയ്തു. പ്രസ്തുത ചടങ്ങിൽ സഹവികാരി സിബിൻ കല്ലറക്കൽ, ജോൺശ്രീ, ടോമി കൂട്ടാട്ട്, പി.ടി സെബാസ്റ്റ്യൻ, മിനി തോമസ്, റിയ, മിനു എന്നിവർ സന്നിഹിതരായിരുന്നു.

---



## കേന്ദ്ര വസ്ത്ര മന്ത്രാലയവും ഹാൻഡി ക്രാഫ്റ്റ്സ് ഡിപ്പാർട്ട്മെന്റ്, തൃശ്ശൂർ റീജിയണിന്റെയും നേതൃത്വത്തിൽ കോട്ടപ്പുറം കിഡ്സിന്റെ സഹകരണത്തോടെ കിഡ്സ് ക്യാമ്പസിൽ ഏകദിന സെമിനാർ നടത്തി.

ഡോ. സജി എം.പി. (അസിസ്റ്റന്റ് ഡയറക്ടർ, ഹാൻഡിക്രാഫ്റ്റ്സ് ഡിപ്പാർട്ട്മെന്റ്, തൃശ്ശൂർ) അധ്യക്ഷതയിൽ ഡോ. കെ.എസ്. കൃപ കുമാർ (ജനറൽ മാനേജർ, ഡിസ്ട്രിക് ഇൻഡസ്ട്രീസ് സെന്റർ, തൃശൂർ) ഉദ്ഘാടനം നടത്തി. ശ്രീ.വി.എം. ജോണി (കൗൺസിലർ കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി), റവ.ഫാ. പോൾ തോമസ് കളത്തിൽ (ഡയറക്ടർ, കിഡ്സ് കോട്ടപ്പുറം) ആശംസകൾ അർപ്പിച്ചു സംസാരിച്ചു. ശ്രീമതി. കാതറിൻ ജോസ് (ഹാൻഡി ക്രാഫ്റ്റ് പ്രൊമോഷൻ ഓഫീസർ) നന്ദിയും അർപ്പിച്ച ഈ പരിപാടിയിൽ കരകൗശല ശിൽപ്പികൾക്കുവേണ്ടി കരകൗശലമേഖലയിലെ പദ്ധതികൾ, ജി.ഐ. രജിസ്ട്രേഷൻ, ഇ-കോമേഴ്സ്, ജെം പോർട്ടൽ, ജി.എസ്.ടി. തുടങ്ങിയ വിഷയങ്ങളിൽ പ്രഗൽഭർ ക്ലാസുകൾ നയിച്ചു. സെമിനാറിന്റെ ഭാഗമായി വിവിധ കരകൗശല ഉൽപ്പന്നങ്ങളുടെ പ്രദർശനവും നടന്നു.

## മറിയത്തിന്റെ സ്തോത്രഗീത പാരായണ മത്സരം

പരിശുദ്ധ അമ്മയുടെ ജന്മദിനം പ്രമാണിച്ച് കോട്ടപ്പുറം മതബോധന കേന്ദ്രം പരിശുദ്ധ കന്യകാമറിയത്തിന്റെ സ്തോത്രഗീത പാരായണ മത്സരം സംഘടിപ്പിക്കുന്നു. ഓരോ യൂണിറ്റിൽ നിന്നും 5-ാം ക്ലാസ്സ് മുതൽ 8-ാം ക്ലാസ്സ് വരെയുള്ള കുട്ടികളിൽ നിന്ന് ഒരെണ്ണം, 9-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള കുട്ടികളിൽ നിന്ന് ഒരെണ്ണം. ഇങ്ങനെ രണ്ടു സെക്ഷനുകളായിട്ടാണ് മത്സരം നടത്തപ്പെടുന്നത്. ഏറ്റവും മികച്ച അവതരണത്തിന് സമ്മാനം നൽകുന്നതാണ്.

## മതബോധന അദ്ധ്യാപക സെമിനാർ നടത്തി

1-ാം ക്ലാസ്സ് മുതൽ 12-ാം വരെയുള്ള എല്ലാ മതബോധന അദ്ധ്യാപകരെയും ഉൾപ്പെടുത്തിക്കൊണ്ട് അവരവർ പഠിപ്പിക്കുന്ന ടെക്സ്റ്റ് ബുക്കിനെ ആസ്പദമാക്കി അദ്ധ്യാപകർക്ക് സെമിനാർ നടത്തുകയുണ്ടായി. 12 സെമിനാറുകളാണ് നടത്തപ്പെട്ടത്. റവ. ഡോ. സ്റ്റാൻലി മാതിരപ്പിള്ളി (2,3,8,9,10, എന്നീ ക്ലാസ്സുകളിലെ അദ്ധ്യാപകർക്ക്), റവ. ഡോ. ബെന്നി വാഴക്കൂട്ടത്തിൽ (1,4 എന്നീ ക്ലാസ്സുകളിലെ അദ്ധ്യാപകർക്ക്), റവ. ഡോ. ജിജു ജോർജ്ജ് അറക്കത്തറ (11,12 എന്നീ ക്ലാസ്സുകളിലെ അദ്ധ്യാപകർക്ക്), റവ. ഫാ. വർഗ്ഗീസ് കാട്ടാശ്ശേരി (5-ാം ക്ലാസ്സിലെ അദ്ധ്യാപകർക്ക്), റവ. ഫാ. ആന്റണി ഒളാട്ടുപുറത്ത് (7-ാം ക്ലാസ്സിലെ അദ്ധ്യാപകർക്ക്), റവ. ഫാ. നോയൽ കുരിശിങ്കൽ (6-ാം ക്ലാസ്സിലെ അദ്ധ്യാപകർക്ക്) എന്നിവർ സെമിനാറുകൾക്ക് നേതൃത്വം നൽകി.

## സമ്പൂർണ്ണ ബൈബിൾ എഴുതി പൂർത്തിയാക്കി

കൊടുങ്ങല്ലൂർ സെന്റ് തോമസ് തീർത്ഥാടനകേന്ദ്ര ഇടവകാംഗമായ വാർപുരയിടത്തിൽ ജോയ് ആണ് സമ്പൂർണ്ണ ബൈബിൾ ഇംഗ്ലീഷിലും മലയാളത്തിലും എഴുതി പൂർത്തിയാക്കി. തമിഴ് ഭാഷയിലുള്ള കൈയെഴുത്തു പ്രതിയുടെ പ്രവർത്തനത്തിലാണ് ഇപ്പോൾ അദ്ദേഹം. അവിസ്മരണീയ നേട്ടം കൈവരിച്ച അദ്ദേഹത്തെ ഇടവക വികാരി റവ. ഫാ. പോൾ തോമസ് കളത്തിൽ അഭിനന്ദിച്ചു. കെ.എസ്.ആർ.ടി.സി. ജീവനക്കാരനാണ് ശ്രീ. ജോയ്.



## കടലിന്റെ യൂറോപ്യൻ ചക്രവാളം തേടി കരോളിൻ

അതിസമർത്ഥരായ വിദ്യാർത്ഥികൾക്ക് ബിരുദാനന്തര ബിരുദ പഠനത്തിന് യൂറോപ്യൻ യൂണിയൻ നൽകുന്ന എറാസ്മസ് മുണ്ടസ് ജോയിന്റ് മാസ്റ്റേഴ്സ് സ്കോളർഷിപ്പിന് (Erasmus Mundus Joint Masters Scholarship) കോട്ടപ്പുറം രൂപത പള്ളിപ്പുറം മഞ്ഞുമാത ഇടവകാംഗം കുരിശിങ്കൽ വീട്ടിൽ കരോളിൻ എന്ന മേരി കരോളിൻ അർഹയായി. 49000 യൂറോ (ഏകദേശം 44.5 ലക്ഷം രൂപ) ആണ് സ്കോളർഷിപ്പ് തുക. നാല് വിദേശ രാജ്യങ്ങളിലെ - സ്പെയിൻ, ഫ്രാൻസ്, ബെൽജിയം, യു.കെ - പ്രമുഖ സർവ്വകലാശാലകളിൽ പഠിക്കാനും യാത്രയ്ക്കും താമസത്തിനുമായി ഈ തുക വിനിയോഗിക്കാം.